അവതാരിക

സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിരക്ഷ ഉറപ്പ് വരുത്തുന്ന ഭരണഘടനയാണ് നമ്മുടെ രാജ്യത്തുള്ളത്. ഇവർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്ന ശക്തമായ നിയമങ്ങളും നിലവിലുണ്ട്. 73, 74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായുള്ള വനിതാസംവരണം പ്രാദേശിക ഭരണസമിതികളിൽ സ്ത്രീപങ്കാളിത്തവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

ഒമ്പതാം പഞ്ചവത്സര പദ്ധതികാലത്ത് കേരളത്തിൽ തുടക്കം കുറിച്ച ജനകീയാസൂത്രണ പദ്ധതിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം വികസന അജണ്ടകളിൽ കൊണ്ടുവരാൻ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായി സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതോടൊപ്പം ജാഗ്രതാസമിതി സംവിധാനവും ഏർപ്പെടുത്തുകയുണ്ടായി. എന്നിരുന്നാലും സ്ത്രീകളുടെ പദവി ഇപ്പോഴും രണ്ടാംകിടയായി തുടരുകയാണ്. ഇതിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതായിട്ടുണ്ട്.

ശക്തമായ നിയമങ്ങളും സംവിധാനങ്ങളും ഉണ്ടായിട്ടും സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരികയാണ്. ജാഗ്രതാസമിതികൾ ഫലപ്രദമായി പ്രവർത്തിക്കാത്തത് ഇതിന് ഒരു കാരണമാണ്. പ്രാദേശിക ഭരണസമിതികൾ പഞ്ചായത്ത്തല, വാർഡ്തല ജാഗ്രതാസമിതികൾ എന്നിവ ശക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിലേക്ക് അടിയന്തിരമായും നീങ്ങേണ്ടതുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും അവകാശസംരക്ഷണത്തിനായി പ്രാദേശികതലത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന സംവിധാനമാണ് ജാഗ്രതാസമിതി. സമിതി മുമ്പാകെ വരുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുക എന്നുള്ളത് മാത്രമല്ല സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായും സ്വാതന്ത്ര്യമായും ജീവിക്കാനുള്ള സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കുക എന്നുള്ളതു കൂടിയാണ് ജാഗ്രതാസമിതിയുടെ കടമ. ജാഗ്രതാസമിതികളെ ശക്തിപ്പെടുത്തുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി വനിതാകമ്മീഷന്റെയും സംസ്ഥാന വനിതാശിശുവികസന വകുപ്പിന്റെയും സഹകരണത്തോടെ വിപുലമായ പരിശീലന പരിപാടിക്ക് കില തുടക്കം കുറിക്കുകയാണ്. ആദ്യഘട്ടത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനതല ജാഗ്രതാസമിതി അംഗങ്ങൾക്കാണ് പരിശീലനം നൽകുന്നത്.

ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്കായി തയ്യാറാക്കിയിട്ടുള്ളതാണ് ഈ കൈപ്പുസ്തകം. കേരളത്തിലെ സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ, ജെൻഡർ അനുബന്ധ ആശയങ്ങൾ, നിയമങ്ങൾ, ജാഗ്രതാസമിതികളുടെ ഘടന, പ്രവർത്തനം തുടങ്ങിയവയാണ് ഉള്ളടക്കം. ജാഗ്രതാസമിതി പ്രവർത്തനങ്ങൾ പങ്കാളികളാവുന്ന ഓരോരുത്തർക്കും ഈ പുസ്തകം ഉപകാരപ്പെടുമെന്ന് വിശ്വസിക്കുന്നു.

ഡോ.ജോയ് ഇളമൺ
ഡയറക്ടർ, കില

ആമുഖം

സ്ത്രീകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണത്തിനും തുല്യനീതി ഉറപ്പ് വരുത്തുന്നതിനും അവകാശ ലംഘനങ്ങൾക്കും നീതിനിഷേധങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിനുമായി ഒട്ടേറെ നിയമവ്യവസ്ഥകളും സംവിധാനങ്ങളും നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. എന്നിട്ടും സ്ത്രീകൾക്കും കുട്ടികൾക്കു മെതിരെയുള്ള അവകാശനിഷേധങ്ങളും അതിക്രമങ്ങളും കൂടിവരികയാണ്.

നമ്മുടെ ഭരണഘടനയിലും നിയമവ്യവസ്ഥയിലും സ്ത്രീകളുടെയും കുട്ടികളുടെയും അവകാശം സംരക്ഷിക്കുന്നതിനായി പ്രത്യേക വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. POCSO, ഗാർഹികപീഢന നിരോധന നിയമം തുടങ്ങിയ ശക്തമായ നിയമങ്ങളും നിലവിലുണ്ട്. ദേശീയ, സംസ്ഥാന വനിതാ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റിസ് ബോർഡുകൾ, പ്രൊട്ടക്ഷൻ ഓഫീസർമാർ തുടങ്ങിയ സംവിധാനങ്ങളുമുണ്ടായിട്ടുണ്ട്.

ശക്തമായ നിയമങ്ങളും സംവിധാനങ്ങളും ഉണ്ടായിട്ടും വലിയ ഒരു വിഭാഗം അവകാശ ലംഘനത്തിനും നീതിനിഷേധത്തിനും വിധേയരാകുന്നു എന്നത് ഒരു ജനാധിപത്യസമൂഹത്തിന് അപമാനകരമാണ്. നീതിനിഷേധവും അതിക്രമവും ഉണ്ടായതിന് ശേഷം കാരണക്കാർക്കെതിരെ നടപടിയെടുക്കുക എന്നതോടൊപ്പം അങ്ങനെ സംഭവിക്കാതിരിക്കാനുള്ള സാമൂഹ്യ അന്തരീക്ഷം ഉണ്ടാക്കുക കൂടിയാണ് ചെയ്യേണ്ടത്. ഇതിനായി രൂപീകരിച്ചിട്ടുള്ള സമിതിയാണ് ജാഗ്രതാസമിതി.

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള നിയമങ്ങളും സംവിധാനങ്ങളും അനുഭവവേദ്യമാകുന്നതിന് ജാഗ്രതാസമിതികൾക്ക് ഫലപ്രദമായി ഇടപെടാൻ സാധിക്കും. ജാഗ്രതാസമിതികൾ കാര്യക്ഷമമായാൽ, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ശക്തമായ ഒരു സംവിധാനം വാർഡ്തലത്തിലും തദ്ദേശഭരണസ്ഥാപനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുത്താനായാൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ ക്രമേണ ഇല്ലാതാവുകയും ചെയ്യും.

ജാഗ്രതാസമിതി ശക്തിപ്പെടണമെങ്കിൽ ജാഗ്രതാസമിതി അംഗങ്ങൾക്ക് ജാഗ്രതാസമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൃത്യമായി ബോധ്യപ്പെടുന്നതിന് പുറമെ ലിംഗപദവി സംബന്ധിച്ച സംവേദന ക്ഷമത കൃത്യമായി ഉണ്ടാവേണ്ടതുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനതല ജാഗ്രതാസമിതി അംഗങ്ങൾക്ക് കില പരിശീലനം നൽകുകയാണ്. സംസ്ഥാന വനിതാ കമ്മീഷന്റെയും വനിത ശിശുവികസന വകുപ്പിന്റെയും സഹായത്തോടെയാണ് ഈ പരിശീലനം സംഘടിപ്പിക്കുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കായാണ് ജാഗ്രതാസമിതി കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. കേരളത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥ, ജെൻഡർ അനുബന്ധ ആശയങ്ങൾ, നിയമങ്ങൾ, സംവിധാനങ്ങൾ, ജാഗ്രതാസമിതി ഘടന, പ്രവർത്തനരീതി, ചുമതലകൾ, ഉത്തരവാദിത്തങ്ങൾ തുടങ്ങിയവ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. ജാഗ്രതാസമിതി കാര്യക്ഷമമാക്കുന്നതിന് ഈ കൈപ്പുസ്തകം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഡോ.കെ.പി.എൻ അമൃത

# ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | |
| | ആമുഖം | |
| | അദ്ധ്യായങ്ങൾ | |
| | 1. കേരളത്തിലെ സ്ത്രീകളുടേയും കുട്ടികളുടേയും അവസ്ഥയും പദവിയും | |
| | 2. സ്ത്രീകളുടെ താഴ്ന്ന പദവി-യഥാർത്ഥ കാരണങ്ങൾ | |
| | 3. സ്ത്രീശാക്തീകരണം | |
| | 4. സ്ത്രീകളുടേയും കുട്ടികളുടേയും അവകാശസംരക്ഷണത്തിനായുള്ള നിയമവ്യവസ്ഥകളും സുരക്ഷയ്ക്കുള്ള സംവിധാനങ്ങളും | |
| | 5. ജാഗ്രതാസമിതി - ഘടന, അംഗങ്ങൾ, രൂപീകരണം | |
| | 6. ജാഗ്രതാ സമിതികൾ: ഉദ്ദേശ്യ ലക്ഷ്യങ്ങൾ, ചുമതലകൾ, പ്രവർത്തനരീതി | |
| | 7. ജാഗ്രതാ സമിതി- പരാതി സ്വീകരിക്കൽ, തീർപ്പാക്കൽ | |
| | അനുബന്ധങ്ങൾ | |
| | 1- പരാതി സമർപ്പിക്കുന്നതിനുള്ള ഫോറം<br>2 -കൈപ്പറ്റ് രശീതി<br>3 -ജാഗ്രതാ സമിതിയുടെ പരാതി രജിസ്റ്റർ<br>4- ജാഗ്രതാ സമിതി മുമ്പാകെ ഹാജരാകാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള കത്ത്<br>5- വാർഡ്തല/തദ്ദേശസ്വയംഭരണസ്ഥാപനതല ജാഗ്രതാസമിതി ഗ്രാമസഭയ്ക്ക് /വാർഡ്സഭയ്ക്ക് സമർപ്പിക്കുന്ന റിപ്പോർട്ട് -ഘടന (മാതൃക)<br>6- ഓരോ ജാഗ്രതാ സമിതിയും തൊട്ടുമുകളിലുള്ള ജാഗ്രതാസമിതിക്കും വനിതാ കമ്മീഷനും നൽകേണ്ട പ്രതിമാസ റിപ്പോർട്ട് (മാതൃക) | |

**കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, പീഡനങ്ങൾ, ചൂഷണങ്ങൾ**

2009 മുതൽ 2019 വരെയുള്ള കാലഘട്ടത്തിൽ കുട്ടികൾക്കെതിരെ നടന്നിട്ടുള്ള അതിക്രമങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും കണക്കുകൾ ചുവടെ കൊടുക്കുന്നു.

| Sl.No | കുറ്റകൃത്യങ്ങളുടെ /അതിക്രമങ്ങളുടെ തരം | 2009 | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 (Up to April) |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കൊലപാതകം | 44 | 42 | 47 | 34 | 40 | 44 | 43 | 33 | 27 | 22 | 8 |
| | a) ശിശുഹത്യ | 0 | 1 | 1 | 0 | 0 | 0 | 4 | 0 | 0 | 0 | 0 |
| | b) Other Murder | 44 | 41 | 46 | 34 | 40 | 44 | 39 | 33 | 27 | 22 | 8 |
| 2 | ബലാത്സംഗം | 235 | 208 | 423 | 455 | 637 | 754 | 720 | 958 | 1045 | 1204 | 397 |
| 3 | തട്ടിക്കൊണ്ടുപോകൽ | 83 | 111 | 129 | 147 | 136 | 130 | 171 | 154 | 100 | 185 | 66 |
| 4 | ഭ്രൂണഹത്യ | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 0 | 0 | 0 |
| 5 | ആത്മഹത്യ പ്രവണത | 0 | 3 | 2 | 3 | 9 | 5 | 3 | 3 | 5 | 3 | 0 |
| 6 | ഉപേക്ഷിക്കൽ | 7 | 9 | 4 | 4 | 4 | 5 | 4 | 5 | 5 | 8 | 3 |
| 7 | പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ കൂട്ടിക്കൊടുക്കൽ | 14 | 6 | 9 | 10 | 15 | 4 | 3 | 3 | 14 | 2 | 2 |

# അദ്ധ്യായം- 2

## സ്ത്രീകളുടെ താഴ്ന്ന പദവിക്കുള്ള യഥാർത്ഥ കാരണങ്ങൾ

**സ്ത്രീകളുടെ താഴ്ന്ന പദവി**

കേരളത്തിലെ സ്ത്രീകൾ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ച് മെച്ചപ്പെട്ട അവസ്ഥയിൽ ജീവിക്കുമ്പോഴും അവരുടെ സാമൂഹികപദവി പുരുഷന്മാരേക്കാൾ താഴ്ന്നു നിൽക്കുന്നു എന്നത് ഇന്നും നിലനിൽക്കുന്ന വസ്തുതയാണ്. എന്തുകൊണ്ടാണ് സ്ത്രീകൾ അനുസരിക്കേണ്ടവരും അനുവാദം വാങ്ങേണ്ടവരും എല്ലാം സഹിക്കേണ്ടവരും ക്ഷമിക്കേണ്ടവരും ആയത്? അവർ സ്ത്രീ ആയി ജനിച്ചതുകൊണ്ടാണോ? പുരുഷന്മാർക്കുവേണ്ടിയും സമൂഹം ഇത്തരം നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ?

ഇത്തരം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളാണ് ഈ അദ്ധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

**ലിംഗവ്യത്യാസം/ലിംഗപദവി** (Sex/Gender)

സ്ത്രീ (Female), പുരുഷൻ (Male), ഇൻറർ സെക്സ് (Intersex) എന്നിങ്ങനെ മൂന്നു തരത്തിൽ ലിംഗവ്യത്യാസം ഉണ്ട്. കൃത്യമായി സ്ത്രീയുടെയോ പുരുഷൻറെയോ ലൈംഗികാവയവങ്ങൾ ഇല്ലാതെയോ രണ്ടും ചേർന്ന് ഉണ്ടായോ, അല്ലെങ്കിൽ പൂർണ്ണമായി വികാസം പ്രാപിക്കാതെ ജനിക്കുന്നവരാണ് ഇൻറർ സെക്സ്. ജീനുകളുടെയോ ക്രോമസോമുകളുടെയോ പ്രവർത്തനങ്ങളോ, ഗർഭപാത്രത്തിനുള്ളിലെ "സാഹചര്യങ്ങളോ" ഒക്കെയാവാം ഇതിനുള്ള കാരണം. ധാരാളം ജനനങ്ങൾ ഇത്തരത്തിൽ ഉണ്ടാകുന്നുണ്ട് എങ്കിലും ജനിച്ചയുടനെ തന്നെ ഡോക്ടർമാർ ഇവരെ പുരുഷന്റെയോ സ്ത്രീയുടേയോ ഏതെങ്കിലും ഒരു ലൈംഗികാവയവം മാത്രമുള്ളവരാക്കി മാറ്റുകയാണ് ചെയ്യാറുള്ളത്. എന്നാൽ ഇൻറർ സെക്സ് ആയി തന്നെ ജീവിക്കുന്ന ധാരാളം ആളുകളും നമ്മുടെ ഇടയിലുണ്ട്.

1. ലിംഗവ്യത്യാസം (sex)

   സ്ത്രീപുരുഷന്മാർ തമ്മിലുള്ള ശാരീരിക വ്യത്യാസങ്ങൾ;
   മറ്റു ലിംഗവിഭാഗങ്ങൾ (ട്രാൻസ് ജെൻഡർ- ഇൻറർസെക്സ്)

2. ലിംഗപദവി (gender)

   ഒരു പ്രത്യേക സമൂഹത്തിൽ, ചരിത്രഘട്ടത്തിൽ ഒരു സ്ത്രീയോ പുരുഷനോ ആയിരിക്കുന്നതിന് സാമൂഹികമായി നിലനിൽക്കുന്ന അർത്ഥമാണ് ലിംഗപദവി. ഇത് സാമൂഹികമായും സാംസ്കാരികമായും നിർണയിക്കപ്പെടുന്നു.

| ലിംഗവ്യത്യാസം (sex) | ലിംഗപദവി (gender) |
|---|---|
| ജൈവപരം | സാംസ്കാരികം |
| ജന്മനായുള്ളത് | സാമൂഹികവൽക്കരണത്തിലൂടെ പഠിച്ചെടുക്കുന്നത് |
| മാറ്റാൻ ബുദ്ധിമുട്ടാണ് | മാറ്റാവുന്നതാണ് |

ലിംഗപദവി എന്നത് സാമൂഹികമായും സാംസ്കാരികമായും നിർണ്ണയിക്കപ്പെടുന്ന...

സ്വാഭാവവിശേഷങ്ങൾ

ചുമതലകൾ

പ്രതീക്ഷകൾ

ഉത്തരവാദിത്വങ്ങൾ തുടങ്ങിയവയാണ്.

ഇവ ഓരോ സമൂഹത്തിലും അവിടെ നിലനിൽക്കുന്ന സാംസ്കാരിക സമീപനങ്ങൾക്കനുസരിച്ച് വ്യത്യാസ്തമായിരിക്കും. ലിംഗപദവി വ്യത്യാസങ്ങൾ എല്ലാക്കാലത്തും എല്ലാ പ്രദേശങ്ങളിലും ഒരുപോലെ ആയിരിക്കില്ല.

ലിംഗപദവി ഒരു സാമൂഹിക ബന്ധമാണ്, അധികാര ബന്ധവുമാണ്.

**ലിംഗപദവി റോളുകൾ സംബന്ധിച്ച വാർപ്പമാതൃകകൾ**

| സ്ത്രീ | പുരുഷൻ |
|---|---|
| മതപരം | രാഷ്ട്രീയം, അധികാരം |
| കുടുംബം, രക്തബന്ധങ്ങൾ നിലനിർത്തുന്നവർ | തീരുമാനമെടുക്കുന്നവർ |
| ചടങ്ങുകളിൽ പങ്കെടുക്കുന്നവർ | |
| ശുശ്രൂഷിക്കുന്നവർ | |

**സ്ത്രീകൾ എന്തുകൊണ്ട് സ്ത്രീകളെ അടിച്ചമർത്തുന്നു?അടിച്ചമർത്തലിന്റെ സാമൂഹിക കാരണം**

അനീതി നിറഞ്ഞ വ്യവസ്ഥയിൽ ജീവിക്കുന്ന സ്ത്രീകൾ ആ വ്യവസ്ഥയുടെ എല്ലാ മൂല്യങ്ങളും സ്വാംശീകരിക്കുകയും പിന്തുടരുകയും ചെയ്യുന്നു. വിവേചനത്തെ ന്യായീകരിക്കുന്ന സിദ്ധാന്തങ്ങൾ നിർമ്മിക്കുന്നു.

അടിച്ചമർത്തപ്പെട്ടവർ വിധേയത്വത്തോടുകൂടി വിവേചനങ്ങൾ സമ്മതിച്ചുകൊണ്ട് ജീവിക്കുന്നു. തുടക്കത്തിൽ ബലപ്രയോഗത്തിലൂടെയും പിന്നീട് മനസ്സിനുള്ളിലേക്ക് ആശയങ്ങൾ ചെലുത്തുന്ന തരത്തിലുള്ള ഉപദേശങ്ങളിലൂടെയും സാമൂഹികഘടനയിലെ തടസ്സങ്ങളിലൂടെയുമാണ് ഈ സമ്മതം സൃഷ്ടിച്ചെടുക്കുന്നത്.

ജീവശാസ്ത്രപരവും സാമൂഹികവുമായ നിർമ്മിതി

സാമൂഹികമായ പരുവപ്പെടുത്തൽ

ലിംഗപദവി അധികാരശ്രേണിയും അധികാരത്തിന്റെ അടിത്തറ സൃഷ്ടിക്കലും

**പുരുഷന്റെ പദവി (Positioning of Men)**

- പുരുഷനായിരിക്കുന്നതിനാൽ ലഭിക്കുന്ന കരുത്ത്
- വസ്തുവകകളിൽ ഉള്ള ഉടമസ്ഥതയും സ്വത്തവകാശവും
- ശാക്തീകരണത്തിനുതകുന്ന വൈദഗ്ധ്യം ധനം ഇവ ആർജ്ജിക്കൽ
- പൊതുമണ്ഡലത്തിൽ പങ്കാളിയാകാനുള്ള അവസരങ്ങൾ
- സാങ്കേതികവിദ്യകളോടും, കാതലായ ഉത്പാദന പ്രക്രിയകളോടും

# അദ്ധ്യായം 3
# സ്ത്രീ ശാക്തീകരണം

**ശാക്തീകരണം**

വ്യക്തിപരമോ കൂട്ടായതോ ആയ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുള്ള വൈദഗ്ദ്ധ്യവും കഴിവും വ്യക്തികൾ വികസിപ്പിച്ചെടുക്കുന്ന പ്രക്രിയയാണ് ശാക്തീകരണം

**സ്ത്രീശാക്തീകരണം**

സ്വന്തം ജീവിതസാഹചര്യങ്ങളെ വിമർശനാത്മകമായി വിലയിരുത്താനുള്ള ശരിയായ സമീപനവും വൈദഗ്ദ്ധ്യവും അറിവും സ്ത്രീകളും പെൺകുട്ടികളും നേടിയെടുക്കുകയും അതുവഴി ജീവിതത്തിന്റെ എല്ലാ തലങ്ങളെയും നിയന്ത്രിക്കാൻ കഴിവുണ്ടാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സ്ത്രീശാക്തീകരണം. ഇത് താഴെ നിന്നും ആരംഭിക്കുന്ന (bottom up)പ്രക്രിയയാണ്. ഇത് ലിംഗവിഭാഗങ്ങൾ തമ്മിലുള്ള അധികാരബന്ധത്തിൽ വേരൂന്നിയിരിക്കുന്നു.

<u>ശാക്തീകരണത്തിന്റെ പ്രധാന സൂചികകൾ</u>

- കുടുംബത്തിനുള്ളിലും പുറത്തുമുള്ള വിഭവങ്ങളിന്മേൽ പ്രാപ്യതയും നിയന്ത്രണവും.
- സ്വന്തം തൊഴിലിന്മേലും വരുമാനത്തിന്മേലുമുള്ള നിയന്ത്രണം.
- സ്വന്തം ശരീരത്തിലും ലൈംഗികതയിലും പ്രത്യുത്പാദനത്തിലുമുള്ള നിയന്ത്രണം.
- ചലനസ്വാതന്ത്ര്യം
- രാഷ്ട്രീയ ഇടങ്ങളുടെ പ്രാപ്യതയും നിയന്ത്രണവും, കുടുംബത്തിനുള്ളിലും പുറത്തും തീരുമാനം എടുക്കാനുള്ള അധികാരം.
- അറിവ്, വിവരം എന്നിവയിലുള്ള പ്രാപ്യതയും നിയന്ത്രണവും
- നിയമകാര്യങ്ങളിലും നീതിതേടുന്നതിലുമുള്ള പ്രാപ്യത
- ആത്മവിശ്വാസം, ആത്മാഭിമാനം എന്നിവ കൂടുന്നു
- വീട്ടുപണികളിലും കുട്ടികളെ സംരക്ഷിക്കുന്നതിലും പ്രായമായവരെയും രോഗികളെയും ശുശ്രൂഷിക്കുന്നതിലും പുരുഷന്മാരുടെ പങ്ക് കൂടുന്നു.
- പ്രത്യുത്പാദനം, ലൈംഗികത, ശാരീരികസുരക്ഷിതത്വം എന്നിവയിൽ പുരുഷന്റെ ഉത്തരവാദിത്വം കൂടുന്നു.
- ആണത്തം, പെണ്ണത്തം, സ്ത്രീ/പുരുഷലൈംഗികത എന്നിവയെക്കുറിച്ചുള്ള ധാരണകളും വാർപ്പുമാതൃകകളും തകരുന്നു.
- സാംസ്കാരിക-മതപരമായ കീഴ്‌വഴക്കങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള വിവേചനം കുറയുന്നു.

**മാറ്റത്തിന്റെ തലങ്ങൾ**

സ്ത്രീ ശാക്തീകരണത്തിന് പല തലങ്ങളിലുള്ള മാറ്റം ആവശ്യമാണ്.

1. വ്യക്തിപരമായ കർത്തൃത്വം, നേട്ടം
2. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന നിയമനങ്ങളിലും രീതി കളിലും
3. സ്ത്രീ - പുരുഷ അധികാര ബന്ധങ്ങളിൽ

**വിവിധതരം അധികാരങ്ങൾ**

മറ്റുള്ളവരുടെ മേൽ അധികാരം (Power over others)

മേധാവിത്വ/വിധേയത്വ ബന്ധം. അധികാരമുള്ളവരും ഇല്ലാത്തവരും തമ്മിൽ നേരിട്ടുള്ള ഏറ്റുമുട്ടലിലൂടെയും സംഘർഷത്തിലൂടെയും നേടുന്നത്. ഇത് നിലനിർത്താൻ നിരന്തരം ജാഗകരുകരാകണം. എപ്പോഴും എതിർപ്പ് ഉണ്ടാകും.

എന്തെങ്കിലും ചെയ്യാനുള്ള അധികാരം (Power to)

കഴിവ് നേടിയും പഠിച്ചും നേതൃത്വകഴിവുകൾ വികസിപ്പിച്ചും, നൈപുണ്യം, പിന്തുണ എന്നിവയിലൂടെയും നേടുന്നത്. തീരുമാനമെടുക്കാനുള്ള അധികാരം; പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശക്തി; ക്രിയാത്മകം.

അധികാരം പങ്കിടുക (power with)

സാമൂഹിക സംഘാടനം (social mobilisation)

കൂട്ടായ്മകളും സഖ്യങ്ങളും രൂപപ്പെടുത്തികൊണ്ട്.

അവരവരിൽ തന്നെയുള്ള അധികാരം (Power within)

ആത്മബോധവും ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തിക്കൊണ്ട്

സംഘടനാപരമായ വിശ്വാസത്തിലൂടെയും അവബോധത്തിലൂടെയും

**സ്ത്രീശാക്തീകരണത്തിന്റെ അർത്ഥതലങ്ങൾ**

വികസനത്തിന്റെ മേഖലയിൽ, പ്രത്യേകിച്ച് സ്ത്രീകളുക്കുറിച്ച് പരാമർശിക്കുന്നിടത്ത് 80 കളിൽ പ്രചാരംനേടിയ ഒരു ആശയമാണ് ശാക്തീകരണം (empowerment). അടിസ്ഥാനതല പരിപാടികളിൽ മുതൽ നയങ്ങളെക്കുറിച്ചുള്ള ചർച്ചകളിൽവരെ ക്ഷേമം, സ്ത്രീകളെ ഉദ്ധരിക്കുക, സാമൂഹികപങ്കാളിത്തം, ദാരിദ്ര്യനിർമ്മാർജ്ജനം തുടങ്ങി വികസനത്തിന്റെ ലക്ഷ്യങ്ങളും ഇടപെടലുകളും വിവരിക്കാൻ ഉപയോഗിച്ചിരുന്ന വാക്കുകൾക്കു പകരം ഇപ്പോൾ ഉപയോഗിക്കുന്നത് ശാക്തീകരണം എന്ന പദമാണ്. വ്യാപകമായി ഇത് ഉപയോഗിക്കുന്നുണ്ടെങ്കിലും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ തലങ്ങളിൽ എന്താണ് സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യംവയ്ക്കുന്നത് എന്നതിനെക്കുറിച്ച് ഇന്നും പല ആശയക്കുഴപ്പങ്ങളും നിലനിൽക്കുന്നു.

സമഗ്രവികസനം, സ്ത്രീകളുടെ വികസനം, പങ്കാളിത്തം, ബോധവൽക്കരണം തുടങ്ങിയ മുൻകാല സമീപനങ്ങളോട് ശാക്തീകരണം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു അല്ലെങ്കിൽ വ്യത്യാസപ്പെട്ടിരിക്കുന്നു എന്നതും വ്യക്തമല്ല.

എന്നിരുന്നാലും ബൃഹത്തായ പല പദ്ധതികളും ഇന്നാരംഭിക്കുന്നത്, പാവപ്പെട്ടവരെയും പ്രത്യേകിച്ച് സ്ത്രീകളെയും, ശാക്തീകരിക്കുക എന്ന പ്രത്യക്ഷ ഉദ്ദേശ്യത്തോടുകൂടിയാണ്. ഉയർന്ന ജനസംഖ്യാനിരക്ക്, പരിസ്ഥിതിനാശം, സ്ത്രീകളുടെ താഴ്ന്നപദവി തുടങ്ങി എല്ലാ സാമൂഹികതിന്മകൾക്കും ഒരു മറുമരുന്നായാണ് ശാക്തീകരണത്തെ വീക്ഷിക്കുന്നത്.

തെക്കനേഷ്യൻ രാജ്യങ്ങളിൽ അടിസ്ഥാനതലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും ലഭിച്ച ഉൾക്കാഴ്ചകളുടെ വെളിച്ചത്തിൽ, സ്ത്രീശാക്തീകരണം എന്താണെന്നും അതിന്റെ ഘടകങ്ങളും ഘട്ടങ്ങളും എന്താണെന്നും നിർവ്വചിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

**ശാക്തീകരണം എന്ന ആശയം**

ലോകമൊട്ടാകെയുള്ള സ്ത്രീപ്രസ്ഥാനങ്ങളുടെ, പ്രത്യേകിച്ച് മൂന്നാംലോക ഫെമിനിസ്റ്റുകളുടെ പല സംവാദങ്ങളുടെയും നിരൂപണങ്ങളുടെയും പരിണത ഫലമാണ് ശാക്തീകരണം എന്ന ആശയം. ലത്തീൻ അമേരിക്കയിൽ 1970 (Walters 1991) കളിൽ വികസിച്ച ജനകീയ വിദ്യാഭ്യാസം എന്ന ആശയവും ഫെമിനിസവും തമ്മിലുള്ള പരസ്പരപ്രവർത്തനത്തിൽ നിന്നാണ് ഇത് ഉടലെടുത്തതെന്നു പറയാം. പൗളോ ഫ്രെയറുടെ ബോധവൽക്കരണ സിദ്ധാന്തത്തിൽ ആണ് ജനകീയ വിദ്യാഭ്യാസമെന്ന ആശയത്തിന്റെ വേരുകൾ. ഇത് ജെൻഡർ വിവേചനത്തെ പൂർണ്ണമായും അവഗണിച്ചു. നീതിപൂർവ്വവും വിവേചനരഹിതവുമായ ഒരു വ്യവസ്ഥ സൃഷ്ടിക്കാൻ സമൂഹത്തിലും സ്ഥാപനങ്ങളിലും പങ്കാളിത്ത സംവിധാനങ്ങൾ ആവശ്യമാണെന്ന ഗ്രാംഷിയൻ ചിന്തകൾ മേൽപ്പറഞ്ഞ ചിന്താധാരകളെ സ്വാധീനിച്ചിട്ടുണ്ട് (Forgaes 1988; Freire 1973).

ഫെമിനിസ്റ്റ് വിശകലനത്തിലും ജനപ്രിയവിദ്യാഭ്യാസത്തിലും മുൻഗണന ലഭിച്ചവയാണ് ലിംഗ വിവേചനവും ജെൻഡറിന്റെ സാമൂഹികനിർമ്മിതിയും. ഫെമിനിസ്റ്റ് വിദ്യാഭ്യാസ സമീപനം അതിന്റേതായ വ്യത്യസ്തമായ സമീപനമാണ് സ്വീകരിച്ചത്. ബോധവൽക്കരണം നടത്തുക മാത്രമല്ല, മാറ്റത്തിനുവേണ്ടി പോരാടാൻ ദരിദ്രരെ സംഘടിപ്പിക്കുകകൂടി ചെയ്തു. താഴെപ്പറയുന്ന രീതിയിലാണ് അവരുടെ ലക്ഷ്യങ്ങൾ അവർ നിർവ്വഹിച്ചത്.

- അസന്ദിഗ്ദ്ധമായി സ്ത്രീപക്ഷ നിലപാട് സ്വീകരിക്കുക.
- ലിംഗപദവി എന്നത് സാമൂഹികമായി എങ്ങനെ നിർമ്മിക്കപ്പെട്ടിരിക്കുന്നു എന്ന് സ്ത്രീ-പുരുഷന്മാർക്ക് കാണിച്ചുകൊടുക്കുക.
- എങ്ങനെ അവ പരിവർത്തിപ്പിക്കാമെന്നും വർഗ്ഗം, ജാതി, മതം, സംസ്കാരം എന്നിവയിലൂടെ സ്ത്രീകളും പുരുഷന്മാരും എങ്ങനെ ലിംഗപദവി സങ്കല്പങ്ങൾക്കനുസൃതമായി സ്വാധീനിക്കപ്പെടുന്നു എന്നും പങ്കെടുക്കുന്ന ആളുകളുടെ ജീവിതാനുഭവങ്ങളിൽ നിന്നുതന്നെ മനസ്സിലാക്കിക്കൊടുക്കുക.
- ലിംഗപദവി, വർഗ്ഗം, ജാതി എന്നിവ പരസ്പരം എങ്ങനെ പ്രതിപ്രവർത്തിക്കുന്നു എന്നും ഈ ബന്ധങ്ങളെക്കുറിച്ചുള്ള കൂട്ടായ ധാരണ ആഴപ്പെടുത്താനുമായി കൂട്ടായിത്തന്നെ ഇവയെക്കുറിച്ചു പഠിക്കുക.
- ലിംഗപദവി ബന്ധങ്ങൾക്ക് കൂട്ടായ ബദൽ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുക. സ്ത്രീപദവിയെപ്പറ്റിയും അതിന്റെ പശ്ചാത്തലത്തെക്കുറിച്ചും കൂട്ടായ വിശകലനം പ്രാദേശിക, ദേശീയ സാർവ്വദേശീയ മാനങ്ങൾ, വിശകലന ഉപാധികൾ വികസിപ്പിക്കുക, സ്ത്രീകളുടെ തന്ത്രപരമായ താല്പര്യങ്ങൾ (Strategic interests) നേടിയെടുക്കുന്നതിന് വികസന സമീപനങ്ങൾ എത്രമാത്രം

സഹായകരമാകുന്നു എന്നന്വേഷിക്കുക, വ്യക്തിപരവും സംഘടനാപരവുമായ ജീവിതത്തിൽ മാറ്റം ഉണ്ടാക്കുക.

- തങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള (assertive) നൈപുണ്യം സ്ത്രീകളിൽ വികസിപ്പിക്കുക, അടിച്ചമർത്തൽ പെരുമാറ്റങ്ങളെ വെല്ലുവിളിക്കാൻ സാധിക്കുക, ദേശീയ-സാർവ്വദേശീയ തലത്തിൽ സ്ത്രീ-പുരുഷന്മാരുടെ ശൃംഖലകൾ രൂപപ്പെടുത്തുക, ജനാധിപത്യസമൂഹവും തൊഴിൽസംഘടനകളും രൂപപ്പെടുത്തുക, മാറ്റത്തിന് സമ്മർദ്ദം ചെലുത്താൻ ശക്തമായ ഒരു പൗരസമൂഹം കെട്ടിപ്പടുക്കുക (Wallers 1991)

സ്ത്രീകളുടെ പദവിയിൽ ഗണ്യമായ മാറ്റംവരുത്താൻ സഹായകരമാകാതിരുന്ന വികസനതന്ത്രങ്ങളെക്കുറിച്ച് സ്ത്രീപക്ഷവാദികളുടെ വിമർശനം 80 കളിൽ ഉയർന്നുവരാൻ തുടങ്ങി. ക്ഷേമം, ദാരിദ്ര്യനിർമ്മാർജ്ജനം, കാര്യക്ഷമത തുടങ്ങി ദരിദ്രസ്ത്രീകളുടെ ചൂഷണത്തിനെയും വിവേചനത്തെയും നിലനിർത്തുന്ന അടിസ്ഥാനഘടനാപരമായ പ്രശ്നങ്ങളെ വിശകലംചെയ്യാത്ത, സമീപനങ്ങൾ സ്വീകരിച്ചതാണ് പരാജയകാരണം എന്ന് അവർ വിലയിരുത്തി (Moser1989). സ്ത്രീകളുടെഅവസ്ഥ (condition)യും പദവി (staus)യും തമ്മിൽ യാതൊരു വ്യത്യാസവും മേൽപറഞ്ഞ സമീപനങ്ങളിൽ സ്വീകരിച്ചുകണ്ടില്ല (Young 1988). അവസ്ഥ എന്നത് സ്ത്രീകൾ ജീവിക്കുന്ന ഭൗതികസാഹചര്യമാണ് - താഴ്ന്ന വേതനം, പോഷകാഹാരക്കുറവ്, വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ തുടങ്ങിയവയ്ക്കുള്ള പ്രാപ്യതയില്ലായ്മ മുതലായവ. പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ, സ്ത്രീകൾക്കുള്ള സാമൂഹിക, സാമ്പത്തിക അവസ്ഥയാണ് പദവി. സ്ത്രീകളുടെ ദൈനംദിന നിലനില്പിന്റെ അവസ്ഥ മെച്ചപ്പെടുത്താനുള്ള ഊന്നൽ, അടിച്ചമർത്തലിന്റെയും അനീതിയുടെയും അദൃശ്യവും ശക്തവും ആഴത്തിലുള്ളതുമായ ഘടകങ്ങളെപ്പറ്റിയുള്ള അവരുടെ അവബോധത്തെയും അതിനെതിരെ പ്രവർത്തിക്കാനുള്ള തയ്യാറെടുപ്പിനെയും പരിമിതപ്പെടുത്തുന്നു എന്ന് കേറ്റ് യങ് (Kate Young) വാദിക്കുന്നു.

സ്ത്രീയുടെ പ്രായോഗിക ആവശ്യങ്ങളുംതന്ത്രപരമായ താല്പര്യങ്ങളും എന്ന രീതിയിൽ സമാനമായൊരു വേർതിരിവാണ് മോളിനെക്സ് (Moly Neux 1985) മുന്നോട്ടുവച്ചത്. ഭക്ഷണം, വെള്ളം, ഊർജ്ജം, വിദ്യാഭ്യാസം, മെച്ചപ്പെട്ട സാങ്കേതികവിദ്യ തുടങ്ങിയ പ്രായോഗിക ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടതു തന്നെയാണ്. പക്ഷെ അത് ആത്യന്തികമായ ലക്ഷ്യമാവാൻ പാടില്ല. തങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള തന്ത്രപ്രധാനമായ ആവശ്യങ്ങളെ നിറവേറ്റാൻ സ്ത്രീകൾ ഒന്നിച്ചുവരുകയും സംഘടിക്കുകയും ചെയ്യേണ്ടതുണ്ട്.

സ്ത്രീകളുടെ അടിച്ചമർത്തലിനെക്കുറിച്ചുള്ള വിശകലനം ഇതിനാവശ്യമാണ്. നിലവിലുള്ളതിനുപകരം കുറച്ചുകൂടി തൃപ്തികരമായ, ബദൽ ക്രമീകരണങ്ങൾ രൂപപ്പെടുത്തണം. ഉദാ: ലിംഗപരമായ തൊഴിൽ വിഭജനത്തിൽ മാറ്റമുണ്ടാക്കുക; വീട്ടുജോലിയുടെയും ശിശുപരിചരണത്തിന്റെയും ഭാരം കുറയ്ക്കുക; സ്ഥാപനവൽക്കരിക്കപ്പെട്ട വിവേചനരൂപങ്ങളെ ഇല്ലാതാക്കുക; പ്രത്യുത്പാദന കാര്യങ്ങളിൽ തെരഞ്ഞെടുക്കാനുള്ള അവകാശം, രാഷ്ട്രീയപരമായ തുല്യത; സ്ത്രീകൾക്കുമേലുള്ള പുരുഷനിയന്ത്രണവും അതിക്രമങ്ങളും ഇല്ലാതാക്കാനുള്ള വഴികൾ (Moly Neux 1985).

ഈ അടിസ്ഥാനങ്ങളിൽ നിന്നാണ് ശാക്തീകരണത്തെക്കുറിച്ചുള്ള ധാരണ വളർന്നതും 1985 ൽ Dawn എന്ന ഗ്രൂപ്പ് ശാക്തീകരണസമീപനം വ്യക്തമാക്കിയതും (Sen and Grown 1985). ഈ കാഴ്ചപ്പാടിൽ നിയമം, സ്വത്തവകാശം എന്നിവപോലെ പുരുഷമേൽക്കോയ്മ ഊട്ടിയുറപ്പിക്കുന്ന സ്ഥാപനങ്ങളുടെയും ഘടനകളുടെയും പരിവർത്തനത്തിൽക്കൂടി മാത്രമേ ശാക്തീകരണം സംഭവിക്കൂ. 1990 കളായപ്പോഴേക്കും, വികസനസംവാദങ്ങളിലെ മറ്റു പദങ്ങൾക്കെല്ലാം പകരം ഉപയോഗിക്കുന്ന ഒരു വാക്കായി ശാക്തീകരണം മാറി. ഇതൊരു മന്ത്രംപോലെയായപ്പോൾ, ആ വാക്ക് ആവിർഭവിച്ചപ്പോൾ ഉണ്ടായ കാഴ്ചപ്പാടിൽ വെള്ളം ചേർക്കപ്പെട്ടു. (ഇതിന്റെ പരിണതഫലം വ്യക്തമാക്കേണ്ടതുണ്ട്.)

സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങളോടുള്ള സമീപനം (അവസ്ഥ മെച്ചപ്പെടുത്താൻ) എങ്ങനെയാണ് തന്ത്രപരമായ താൽപ്പര്യങ്ങൾ നേടാനുള്ള (പദവി മെച്ചപ്പെടുത്താനുള്ള) ശ്രമങ്ങളെ ബാധിക്കുന്നത്?

സ്ത്രീകളുടെ പ്രത്യുത്പാദന അവകാശങ്ങളുടെ കാര്യത്തിൽ, ഈ ചോദ്യത്തിന് വളരെ സാംഗത്യമുണ്ട്. ഗർഭധാരണം, സ്ത്രീകളുടെ പ്രത്യുല്പാദനം എന്നിവയോടുള്ള ഇന്നത്തെ സമീപനം ഊന്നൽ കൊടുക്കുന്നത് ഗർഭനിരോധനത്തിനുവേണ്ടി മെച്ചപ്പെട്ട സാങ്കേതികവിദ്യയും അതിന്റെ വിതരണവും, പ്രസവത്തിനുമുമ്പും ശേഷവുമുള്ള സേവനം, ഗർഭനിരോധനം തുടങ്ങിയ കാര്യങ്ങളിലാണ്. എന്നാൽ വളരെ അടിസ്ഥാനപരമായ പല ചോദ്യങ്ങളും ഉന്നയിക്കപ്പെടുന്നേയില്ല. ഉദാഹരണത്തിന് ഭക്ഷണം, ആരോഗ്യപരിരക്ഷ എന്നിവയിൽ സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന വിവേചനം, ലൈംഗിക ബന്ധങ്ങളിലുള്ള ആൺമേൽക്കോയ്മ, തങ്ങളുടെ ലൈംഗികതയുടെ മേൽ സ്ത്രീകൾക്ക് നിയന്ത്രണമില്ലാത്ത അവസ്ഥ, പല സംസ്കാരങ്ങളിലും ഭാരംചുമക്കുന്ന കഴുതകളെപ്പോലെ സ്ത്രീകളെ ആക്കിത്തീർക്കുന്ന തരത്തിലുള്ള ലിംഗപരമായ തൊഴിൽവിഭജനം, നിലനിൽക്കുന്നു. എത്രകുട്ടികൾ ഉണ്ടാവണം എന്നു തീരുമാനിക്കാനുള്ള അവകാശം സ്ത്രീക്ക് നിഷേധിക്കുന്ന സമൂഹങ്ങൾ ഉണ്ട്. ഇവയെല്ലാം സ്ത്രീയുടെ പദവിയുമായി ബന്ധപ്പെട്ടതാണ്. ജനനനിരക്ക് കുറയുന്നതോ, സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുന്നതോ, ഇതിനെ ബാധിക്കണമെന്നില്ല. ശാക്തീകരണപ്രക്രിയ കൈകാര്യം ചെയ്യേണ്ട ഒരു വൈരുദ്ധ്യമാണിത്.

**എന്താണ് ശാക്തീകരണം?**

ശാക്തീകരണം എന്ന പദത്തിൽത്തന്നെ ശക്തി, അധികാരം എന്നീ ആശയങ്ങൾ ഉണ്ട്. പൊതുവായി ഭൗതിക ആസ്തികൾ, ബൗദ്ധികവിഭവങ്ങൾ, പ്രത്യയശാസ്ത്രം എന്നിവയുടെ മേലുള്ള പ്രാപ്യത എന്നിവയെല്ലാം ഇതിൽപ്പെടും. ബൗദ്ധികവിഭവങ്ങളിൽ വിജ്ഞാനം, വിവരം, ആശയങ്ങൾ എന്നിവ ഉൾപ്പെടും. ഒരു നിശ്ചിത കൂട്ടം വിശ്വാസങ്ങൾ, മൂല്യങ്ങൾ, സമീപനങ്ങൾ, പെരുമാറ്റങ്ങൾ, എന്നിവയെ ഉത്പാദിപ്പിക്കാനും വ്യാപിപ്പിക്കാനും നിലനിർത്താനും സ്ഥാപനവൽക്കരിക്കാനും ഉള്ള കഴിവാണ് പ്രത്യയശാസ്ത്രനിയന്ത്രണം എന്നു വിവക്ഷിക്കുന്നത്. ഒരു നിശ്ചിത സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ ചുറ്റുപാടുകളെ ആളുകൾ എങ്ങനെ തിരിച്ചറിയുന്നു; അതിനുള്ളിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നുള്ള തീരുമാനമാണ് ഇത്.

പൊതു-സ്വകാര്യ ജീവിതത്തെ നിയന്ത്രിക്കുന്ന സാമൂഹികബന്ധങ്ങളെ ക്രമീകരിക്കുന്ന പ്രത്യയശാസ്ത്രം, വിജ്ഞാനം, ഭൗതികവിഭവങ്ങളുടെ വിതരണം എന്നിവയെ സ്വാധീനിക്കാനോ നിയന്ത്രിക്കാനോ കഴിയുന്നവർക്ക് അധികാരമുണ്ട് എന്നുപറയാം. ഏതൊക്കെ വിഭവങ്ങളിന്മേൽ, എത്രമാത്രം നിയന്ത്രണമുണ്ട് എന്നതിനെ ആശ്രയിച്ചാണ് വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും അധികാരത്തിന്റെ

തോത്. സാമൂഹികമായും മതപരവും രാഷ്ട്രീയവുമായി നിലനിൽക്കുന്ന പ്രത്യയശാസ്ത്രങ്ങളെ നിലനിർത്താനുള്ള കഴിവും എത്രമാത്രം അധികാരമുണ്ട് എന്നതിന്റെ മാനദണ്ഡമാണ്. ഈ നിയന്ത്രണസാധ്യതയാണ്, തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം നൽകുന്നത്.

തെക്കനേഷ്യയിൽ, വിഭവങ്ങളുടെമേലും തീരുമാനമെടുക്കുന്ന പ്രക്രിയകളിലും ഒട്ടുതന്നെ നിയന്ത്രണമില്ലാത്ത സ്ത്രീകൾ, പ്രത്യേകിച്ച് പാവപ്പെട്ട സ്ത്രീകൾ തീർത്തും അധികാരമില്ലായ്മ അനുഭവിക്കുന്നവരാണ്. അവർക്ക് കൈകാര്യം ചെയ്യാൻ ലഭിക്കുന്ന പരിമിതങ്ങളായ വിഭവങ്ങൾ - കുറച്ചു ഭൂമി, അടുത്തുള്ള വനം, സ്വന്തം ശരീരം, അധ്വാനശേഷി, നൈപുണ്യം ഇവ പോലും അവരുടെ നിയന്ത്രണത്തിലല്ല. മറ്റുള്ളവർ എടുക്കുന്ന തീരുമാനങ്ങൾ അവരുടെ ദൈനംദിനജീവിതത്തെ ബാധിക്കുന്നു.

ഇതിന്റെ അർത്ഥം സ്ത്രീകൾ, എപ്പോഴും എല്ലാകാലത്തും തീർത്തും അധികാരമില്ലാത്തവരാണ് എന്നല്ല; നൂറ്റാണ്ടുകളായി കുടുംബത്തിനുള്ളിൽ തങ്ങളുടെ അധികാരം പ്രയോഗിക്കാൻ സ്ത്രീകൾ ശ്രമിച്ചിട്ടുണ്ട് (Nelson 174; Stacey&Price 1981). സമൂഹം പ്രാപ്യത നൽകിയിരിക്കുന്ന വിഭവങ്ങളുടെമേൽ അവർ നിയന്ത്രണം ഏറ്റെടുത്തിട്ടുണ്ട്. അവർക്കു സാധിക്കുമ്പോൾ പൊതുവിഭവങ്ങളുടെ നിയന്ത്രണത്തിനായി അവർ കൂട്ടായി ശ്രമിച്ചിട്ടുണ്ട്. ഇന്ത്യയിലെ ചിപ്കോപ്രസ്ഥാനം, കെനിയയിലെ ഗ്രീൻബെൽറ്റ് മൂവ്മെൻറ് എന്നിവ ഉദാഹരണങ്ങളാണ്. അവരുടെ വ്യവസ്ഥാപിത ചുമതലകളായ തൊഴിലാളി, അമ്മ, ഭാര്യ എന്നീ നിലകളിൽ തങ്ങളുടെ ഏറ്റവും അടുത്ത ചുറ്റുപാടുകളെ സ്വാധീനിക്കാനും തങ്ങളുടെ ഇടങ്ങൾ (space) വിപുലപ്പെടുത്താനും അവർ ശ്രമിക്കുന്നുണ്ട്. വിധേയത്വം, ത്യാഗം, അനുസരണ, നിശബ്ദസഹനം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്ന പിതൃമേധാവിത്വ പ്രത്യയശാസ്ത്രം, ദൃഢതയോടെ കാര്യങ്ങൾ ചെയ്യാനും വിഭവങ്ങളുടെ പങ്ക് ആവശ്യപ്പെടാനുമുള്ള സ്ത്രീകളുടെ ശ്രമങ്ങൾക്ക് തുരങ്കംവയ്ക്കുന്നു.

നിലനിൽക്കുന്ന അധികാരബന്ധങ്ങളെ വെല്ലുവിളിക്കാനും അധികാര സ്രോതസ്സുകളിന്മേൽ കൂടുതൽ നിയന്ത്രണങ്ങൾ സ്ഥാപിച്ചെടുക്കാനും ശ്രമിക്കുന്ന പ്രക്രിയയെ ശാക്തീകരണം എന്ന് വിശേഷിപ്പിക്കാം. തങ്ങളുടെ സവിശേഷ സാഹചര്യങ്ങൾക്കനുസരിച്ച് ഈ നിർവ്വചനത്തെ സ്ത്രീപ്രവർത്തകർ മെച്ചപ്പെടുത്തിയിട്ടുണ്ട്.

വ്യക്തികളുടെ സ്വയം സമർത്ഥിക്കൽ (self assertation) തുടങ്ങി അധികാരബന്ധങ്ങളെ വെല്ലുവിളിക്കുന്ന കൂട്ടായ പ്രവർത്തനങ്ങൾ, പോരാട്ടങ്ങൾ തുടങ്ങിയ ഒരുകൂട്ടം പ്രവർത്തനങ്ങളെയാണ് ശാക്തീകരണം എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വർഗ്ഗം, ജാതി, വംശം, ജെൻഡർ തുടങ്ങിയവയ്ക്കും, വിഭവങ്ങളുടെയും അധികാരത്തിന്റെയും പ്രാപ്തി നിശ്ചയിക്കുന്നിടത്ത്, തങ്ങളെ അടിച്ചമർത്തുന്ന അനുക്രമമായ ശക്തികളെ തിരിച്ചറിയുകയും നിലനിൽക്കുന്ന അധികാരബന്ധങ്ങളെ പരിവർത്തിപ്പിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ ശാക്തീകരണം ആരംഭിച്ചു എന്നുപറയാം. ഒരു നിശ്ചിത സാഹചര്യത്തിൽ സ്ത്രീകളെയും മറ്റു പിന്നോക്കക്കാരാക്കപ്പെട്ടവരെയും പ്രാന്തവൽക്കരിക്കുന്ന ഘടനാപരമായ ശക്തികളുടെ ദിശയേയും സ്വഭാവത്തേയും മാറ്റാൻ ശ്രമിക്കുന്ന പ്രക്രിയയാണ് ശാക്തീകരണം (sharma 1991-92).

ശാക്തീകരണം എന്നത് അങ്ങനെ ഒരു പ്രക്രിയയും ആ പ്രക്രിയയുടെ ഫലവുമാണ്. രാജ്യങ്ങൾ തമ്മിലോ, വർഗ്ഗങ്ങൾ തമ്മിലോ, ലിംഗവിഭാഗങ്ങൾ തമ്മിലോ, വ്യക്തികൾ തമ്മിലോ ഉള്ള

അധികാരത്തിന്റെ പുനർവിതരണമാണത്. സ്ത്രീശാക്തീകരണത്തിന്റെ ലക്ഷ്യം പിതൃമേധാവിത്വ പ്രത്യയശാസ്ത്രത്തെ വെല്ലുവിളിക്കുകയെന്നതാണ് (ആൺമേൽകോയ്മയും സ്ത്രീകളുടെ വിധേയത്വവും); മാത്രവുമല്ല ജെൻഡർ വിവേചനത്തെയും സാമൂഹിക അനീതികളെയും നിലനിർത്തുകയും ഊട്ടി യുറപ്പിക്കുകയും ചെയ്യുന്ന ഘടനകളെയും സ്ഥാപനങ്ങളെയും (കുടുംബം, ജാതി, വർഗ്ഗം, മതം, വിദ്യാഭ്യാസപ്രക്രിയ, സ്ഥാപനങ്ങൾ, മാധ്യമം, ആരോഗ്യരീതികളും സംവിധാനങ്ങളും, നിയമം, രാഷ്ട്രീയപ്രക്രിയകൾ, വികസന മാതൃകകൾ, സർക്കാർ സ്ഥാപനങ്ങൾ) പരിവർത്തിപ്പിക്കുക; ഭൗതികവും വിജ്ഞാന സംബന്ധവുമായ വിഭവങ്ങളുടെമേൽ പ്രാപ്യതയും നിയന്ത്രണവും ലഭ്യമാകാൻ പാവപ്പെട്ടവരെ സഹായിക്കുക എന്നിവയും ശാക്തീകരണത്തിന്റെ ലക്ഷ്യങ്ങളാണ്. തന്മൂലം ശാക്തീകരണപ്രക്രിയ എന്നത് എല്ലാ പ്രസക്തമായ ഘടനകളെയും അധികാര ഉറവിടങ്ങളെയും സംബോധന ചെയ്യേണ്ടിയിരിക്കുന്നു.

സ്ത്രീകളുടെ താഴ്ന്നപദവിയുടെയും നീതിപൂർവ്വമല്ലാത്ത ജെൻഡർ ബന്ധങ്ങളുടെയും കാരണം, മതം, ചരിത്രം, സംസ്കാരം, സ്വത്വത്തെക്കുറിച്ചുള്ള മനഃശാസ്ത്രം, നിയമം, നിയമ സംവിധാനങ്ങൾ, രാഷ്ട്രീയസ്ഥാപനങ്ങൾ, സാമൂഹികസമീപനങ്ങൾ എന്നിവയിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതു കൊണ്ട്, സ്ത്രീകളുടെ പദവിയും ജീവിതത്തിന്റെ ഭൗതികസാഹചര്യങ്ങളും മാറണമെങ്കിൽ, പരിഹാരങ്ങളും അത്രയും ആഴത്തിൽ ചെന്നെത്തേണ്ടിയിരിക്കുന്നു. (Kadirgammar Rajasingh1992 ).

അധികാരത്തിന്റെ ഉറവിടം ഏതെങ്കിലുമൊരു സംവിധാനമോ ഘടനയോ ആണെന്ന് കണ്ടെത്തുന്ന സിദ്ധാന്തങ്ങൾ (ഉദാഹരണത്തിന്, സാമ്പത്തിക ഘടകങ്ങളാണ് അധികാരരാഹിത്യത്തിന്റെയും അനീതിയുടെയും കാരണമെന്നു പറയുന്ന) ആ ഒരു തലത്തിന്റെ അഭിവൃദ്ധി അധികാര പുനർവിതരണ ത്തിലെത്തുമെന്ന് സൂചിപ്പിക്കുന്നു. സാമ്പത്തികമായി മെച്ചപ്പെട്ട സ്ത്രീകളുള്ള ഇടങ്ങളിൽ പ്രവർത്തിക്കുന്ന വർക്ക് അതുകൊണ്ടുമാത്രം അവർക്ക് പദവി ലഭിക്കുന്നില്ലെന്ന് അറിയാം. സ്ത്രീകളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നത്. പല കാരണങ്ങളാലും അനുകൂലമാണെങ്കിലും അവരുടെ മറ്റു ഭാരങ്ങൾ കുറയ്ക്കാനോ, മറ്റു രീതിയിലുള്ള അടിച്ചമർത്തൽ ഇല്ലാതാക്കാനോ സാധിക്കുന്നില്ലെന്നുള്ളതിന് ധാരാളം തെളിവുകൾ ഉണ്ട്; വാസ്തവത്തിൽ മിക്കപ്പോഴും ഇത് കൂടുതൽ ഭാരമായി മാറുന്നതായാണ് കാണാൻ കഴിഞ്ഞിട്ടുള്ളത് (Brydon&Chant 1989; Gupta&1987; Sen and Grown 1985); അതുപോലെതന്നെ, മെച്ചപ്പെട്ട ഭൗതികപദവിയും വെള്ളം, ഊർജ്ജം, ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ അടിസ്ഥാന വിഭാഗങ്ങളിന്മേലുള്ള പ്രാപ്യതയും സ്ത്രീകളുടെ പദവിയിൽ അടിസ്ഥാനമാറ്റങ്ങൾ ഉണ്ടാക്കുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ ഉയർന്ന വിദ്യാഭ്യാസവും നല്ല ശമ്പളവുമുള്ള വേണ്ടത്ര പോഷകാഹാരവും ആരോഗ്യപരിരക്ഷയും ലഭിക്കുന്ന മധ്യവർഗ്ഗ സ്ത്രീകൾ, ഭാര്യാമർദ്ദനത്തിന്റെയും സ്ത്രീപീഡനങ്ങളുടെയും ഇരകളാവില്ലായിരുന്നു.

സ്ത്രീകളുടെ ശാക്തീകരണം, പുരുഷന്മാരുടെ അധികാരം കവർന്നെടുക്കുന്നതിലേക്കാണോ ചെന്നെത്തുക എന്നതിനെ സംബന്ധിച്ച് വ്യാപകമായ ആശങ്കയും ആശയക്കുഴപ്പവും ഉണ്ട് വിഭവങ്ങളുടെ ലഭ്യതയെയും നിയന്ത്രണത്തെയും കുറിച്ച് പരിശോധിക്കുമ്പോൾ, പാവപ്പെട്ട പുരുഷന്മാർ ആ വിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ അത്രയുംതന്നെ അധികാരമില്ലാത്തവരാണ്. അതുകൊണ്ടുതന്നെയാണ്, കുടുംബത്തിലേക്കും സമൂഹത്തിലേക്കും അത്യാവശ്യമായ വിഭവങ്ങൾ കൊണ്ടുവരാൻ സ്ത്രീകളെ സഹായിക്കുന്ന അവരുടെ ശാക്തീകരണപ്രക്രിയയെ പാവപ്പെട്ട പുരുഷന്മാർ പിന്തുണയ്ക്കുന്നത്; രണ്ടു ലിംഗവിഭാഗത്തിലും പെട്ടവരെ

ചൂഷണം ചെയ്യുന്ന, അടിച്ചമർത്തുന്ന, അധികാരഘടനകളെ വെല്ലുവിളിക്കുന്ന സ്ത്രീശാക്തീകരണ പ്രക്രിയയേയും അവർ അനുകൂലിക്കുന്നു.

പൊതുതലത്തിൽ (Public Sphere) അധികാരത്തിനുവേണ്ടി സ്ത്രീകൾ മത്സരിക്കുമ്പോഴും, കുടുംബത്തിനകത്ത് പുരുഷന്മാർക്ക് അവിഹിതമായി ലഭിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും അധികാരങ്ങളും (പിതൃമേധാവിത്വ കുടുംബബന്ധങ്ങളെ സ്ത്രീകൾ വെല്ലുവിളിക്കുമ്പോൾ) സ്ത്രീകൾ ചോദ്യം ചെയ്യുമ്പോഴും എതിർപ്പ് ഉണ്ടാകുന്നു. വാസ്തവത്തിൽ സ്ത്രീകളുടെ ജീവിതത്തിലേക്ക് അധികാരപ്പെടുത്തൽ പ്രക്രിയ എത്രമാത്രംഎത്തിയിട്ടുണ്ട് എന്നതിന്റെ ഒരു തെളിവാണിത്.

അധികാര ബന്ധങ്ങളുടെ മാറ്റം ഉണ്ടാവേണ്ട അവസാനത്തെ കോട്ടയാണ് കുടുംബം. ശാക്തീകരണം നടന്നിട്ടുണ്ട് എന്ന് നമുക്കറിയാൻ പറ്റുന്നത്, അത് കുടുംബത്തിന്റെ ഉള്ളിലേക്കുള്ള പടി കടക്കുമ്പോഴാണ് (Kannabiran 1993).

സ്ത്രീശാക്തീകരണപ്രക്രിയ, പുരുഷമേധാവിത്വബന്ധങ്ങളെ വെല്ലുവിളിക്കണം, ഇത് സ്ത്രീകളുടെ, പ്രത്യേകിച്ച് കുടുംബത്തിലെ സ്ത്രീകളുടെമേലുള്ള വ്യവസ്ഥാപിതനിയന്ത്രണങ്ങളിൽ മാറ്റമുണ്ടാക്കും. അത്തരം മാറ്റങ്ങൾ ഉണ്ടായ സമൂഹങ്ങളിൽ പുരുഷന്മാർക്ക് സ്ത്രീകളുടെ ശരീരം, ലൈംഗികത, ചലനസ്വാതന്ത്ര്യം (mobility) എന്നിവയുടെമേൽ ഇനിമേൽ നിയന്ത്രണങ്ങളില്ല; വീട്ടുജോലി, ശിശുപരിരക്ഷ എന്നിവയിൽ അവർക്ക് ഉത്തരവാദിത്വം എടുത്തേ എറ്റൂ. ശിക്ഷാഭയമൊന്നുമില്ലാതെ സ്ത്രീകളുടെമേൽ ബലപ്രയോഗംനടത്താൻ സാധിക്കില്ല; ചെലവിന് കൊടുക്കാതെ അവരെ ഉപേക്ഷിക്കാനോ വിവാഹമോചനം നടത്താനോ ആവില്ല; ഒന്നിലേറെ ഭാര്യമാരെ സ്വീകരിക്കാനാവില്ല; കുടുംബത്തെ മുഴുവൻ ബാധിക്കുന്ന കാര്യങ്ങളിൽ ഏകപക്ഷീയമായ തീരുമാനമെടുക്കാനാവില്ല. പിതൃമേധാവിത്യം പുരുഷന് നൽകുന്ന അനർഹമായ ആനുകൂല്യങ്ങൾ, സ്ത്രീശാക്തീകരണംവഴി തീർച്ചയായും അവർക്ക് നഷ്ടപ്പെടും.

എന്നാൽ സാധാരണ വിട്ടുപോകുന്ന ഒരു കാര്യം, സ്ത്രീശാക്തീകരണം ഭൗതികതലത്തിലും മാനസികമായും പുരുഷന്മാരെയും മോചിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു എന്നതാണ്. പുരുഷന്മാർക്ക് മേധാവിത്വമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളെ തങ്ങളുടെ എണ്ണംകൊണ്ടു മാത്രമല്ല, പുതിയ ഊർജ്ജം, ഉൾക്കാഴ്ച, നേതൃത്വം, അടവുകൾ എന്നിങ്ങനെ പലതും നൽകി സ്ത്രീകൾ ശക്തിപ്പെടുത്തുന്നു. ഭൗതികവിഭവങ്ങളും വിജ്ഞാനവും സ്വായത്തമാക്കാനുള്ള സ്ത്രീസംഘങ്ങളുടെ പോരാട്ടങ്ങൾ പുതിയ ആശയങ്ങളും മെച്ചപ്പെട്ട ജീവിതനിലവാരവും വഴി അവരുടെ സമൂഹത്തിലേയും കുടുംബങ്ങളിലേയും പുരുഷന്മാർക്ക് പ്രത്യക്ഷമായി നേട്ടങ്ങൾ ഉണ്ടാക്കുന്നു. സ്ത്രീകളുടെപോലെതന്നെ, പുരുഷന്മാരെയും ആത്മാവിഷ്കാരവും വ്യക്തിവികാസവും പരിമിതപ്പെടുത്തുന്ന 'ചൂഷകൻ, അടിച്ചമർത്തുന്നവൻ എന്നീ ജെൻഡർ വാർപ്പുമാതൃകകളിൽ നിന്ന് മോചിതരാകുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമുള്ള അനുഭവങ്ങൾ സൂചിപ്പിക്കുന്നത്, ഉത്തരവാദിത്വങ്ങളും തീരുമാനമെടുക്കൽ പ്രക്രിയയും പങ്കിടുന്നതുമൂലം പുരുഷന്മാർക്കും വൈകാരികമായ സംതൃപ്തി ലഭിക്കുന്നുവെന്നാണ്; മാത്രമല്ല വ്യവസ്ഥാപിതമായ ആനുകൂല്യങ്ങൾക്കൊപ്പം ക്ലേശങ്ങളും (burdens) കൈയൊഴിയാൻ സാധിക്കുന്നുവെന്നാണ്. തെറ്റായ മൂല്യവ്യവസ്ഥകളിൽനിന്നും അടിച്ചമർത്തലിന്റെ പ്രത്യയശാസ്ത്രത്തിൽനിന്നും സ്ത്രീശാക്തീകരണപ്രക്രിയ പുരുഷന്മാരെ മോചിതരാക്കണം. കുറച്ചുകൂടി മാനുഷികമായ ഒരു സമൂഹം കെട്ടിപ്പടുക്കാൻ

ലിംഗഭേദമില്ലാതെ തങ്ങളുടെ മുഴുവൻ സാധ്യതകളും പ്രയോജനപ്പെടുത്താനും, ഓരോരുത്തരും പൂർണ്ണ വ്യക്തിത്വമുള്ളവരായി മാറുവാനും ഉള്ള സാഹചര്യം സൃഷ്ടിക്കണം( Akhtar 1922).

**ശാക്തീകരണപ്രക്രിയ**

തങ്ങളുടെ അടിച്ചമർത്തലിനെ വെല്ലുവിളിക്കാൻ സ്ത്രീകൾക്ക് സാധിക്കണമെങ്കിൽ പുരുഷമേധാവിത്വത്തെ ന്യായീകരിക്കുന്ന പ്രത്യയശാസ്ത്രത്തെ തിരിച്ചറിയുകയും അത് എങ്ങനെയാണ് വിവേചനത്തെ നിലനിർത്തുന്നതെന്ന് മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്. മിക്ക സ്ത്രീകളും തങ്ങളുടെ ബാല്യം മുതൽ സ്വായത്തമാക്കിയ മൂല്യങ്ങളും സമീപനങ്ങളും - ലോകവീക്ഷണം തന്നെ - കീഴ്മേൽ മറിച്ചാലേ ഈ തിരിച്ചറിവ് സാധ്യമാകൂ. മതപരമായ വിലക്കുകളുടെ സങ്കീർണ്ണമായ ചങ്ങലകൾ, കുടുംബത്തിനുള്ളിലെ സ്ത്രീകൾ തമ്മിൽ നിലനിൽക്കുന്ന ശ്രേണീബന്ധങ്ങൾ, പെരുമാറ്റ പരിശീലനം, ഒറ്റപ്പെടുത്തൽ, (seclusion) പർദാ, ചലനസ്വാതന്ത്ര്യം നിഷേധിക്കൽ, ഭക്ഷണത്തിലും മറ്റ് കുടുംബ വിഭവങ്ങളിലും ഉള്ള വിവേചനം, ലൈംഗികതത്വത്തിന്മേലുള്ള നിയന്ത്രണം തുടങ്ങി ഒട്ടേറെ സങ്കീർണ്ണമായ രീതികളിലൂടെ തങ്ങളുടെതന്നെ അടിച്ചമർത്തലിൽ സ്ത്രീകളെ പങ്കാളികളാക്കിയിരിക്കുകയാണ്. പുരുഷന്മാർ തങ്ങളുടെ ചുമതല ഉപേക്ഷിക്കുകയോ കുടുംബത്തിൽ ഇല്ലാതിരിക്കുകയോ ചെയ്യുന്ന അസാധാരണ സന്ദർഭങ്ങളിൽ മാത്രമാണ്, സ്വയം ചിന്തിച്ച് തീരുമാനമെടുക്കാനും തങ്ങളുടെ തെരഞ്ഞെടുപ്പുകൾ (choice)ക്കനുസരിച്ച് ജീവിക്കാനും സ്ത്രീകൾ അനുവദിക്കപ്പെടുന്നത്. ചോദ്യം ചെയ്യൽ അംഗീകരിക്കപ്പെടാത്തതുകൊണ്ട്, ഈ സാഹചര്യം ന്യായമായും സ്വാഭാവികമാണെന്ന ചിന്തയിലാണ് മിക്ക സ്ത്രീകളും വളരുന്നത്.

അതുകൊണ്ട്, കീഴാള അവസ്ഥയിൽനിന്ന് മാറ്റത്തിനുവേണ്ടിയുള്ള ആവശ്യം സ്വമേധയാ ഉണ്ടാവില്ല. നിലനിൽക്കുന്ന സാമൂഹികാവസ്ഥ അനീതിപരവും അസ്വാഭാവികവുമാണെന്ന് ബോധ്യമുള്ള, മാറ്റപ്പെട്ട അവബോധമുള്ള ശക്തികൾ പുറമെനിന്ന് പ്രേരിപ്പിച്ചാലേ ശാക്തീകരണപ്രക്രിയ തുടങ്ങുകയുള്ളൂ. മറ്റ സ്ത്രീകളുടെ അവബോധം മാറ്റാൻ പ്രവർത്തകർ ശ്രമിക്കേണ്ടിയിരിക്കുന്നു; അവരുടെ അവകാശങ്ങളെയും ഉത്തരവാദിത്വങ്ങളെയും പറ്റിയുള്ള വിശ്വാസങ്ങളും സ്വന്തം പ്രതിച്ഛായയും പരിവർത്തിപ്പിക്കാൻ സ്ത്രീകളെ സഹായിക്കണം, മറ്റ് സാമ്പത്തിക രാഷ്ട്രീയ സാമൂഹിക വസ്തുതകൾപോലെ ജെൻഡർ വിവേചനവും അവരിൽ പ്രവർത്തിക്കുന്നു എന്ന ബോധ്യം സൃഷ്ടിക്കണം, ജനനം മുതൽ മുദ്രകുത്തപ്പെട്ടിരിക്കുന്ന അപകർഷതാ ബോധത്തെ ചോദ്യം ചെയ്യാനും സ്ത്രീകളെ പ്രേരിപ്പിക്കണം. കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും സ്ത്രീകളുടെ അധ്വാനത്തിന്റെയും സംഭാവനകളുടെയും യഥാർത്ഥ മൂല്യം എന്താണെന്ന തിരിച്ചറിവ് കൊണ്ടുവരാൻ ശ്രമിക്കണം. തുല്യത, ആത്മാഭിമാനം, നീതി എന്നിവയ്ക്കുള്ള ജന്മാവകാശത്തെപ്പറ്റി ബോധ്യമുള്ളവരാക്കണം.

ശാക്തീകരണത്തിനു വേണ്ട ബാഹ്യകാരണങ്ങൾ പല രൂപത്തിലായിരിക്കും. ഒരു മദ്യപാനി ചാരായ ഷാപ്പിൽനിന്നും മടങ്ങും വഴി കിണറ്റിൽ വീണു മരിച്ച സംഭവം, ഒരു സാക്ഷരതാ പുസ്തകത്തിൽ നിന്നും മനസ്സിലാക്കിയ നവസാക്ഷരരായ ഒരുകൂട്ടം സ്ത്രീകളാണ് ആന്ധ്രപ്രദേശിലെ നെല്ലൂരിൽ നടന്ന (1992-93) പ്രസിദ്ധമായ ചാരായവിരുദ്ധസമരത്തിന് തുടക്കംകുറിച്ചത്. മദ്യത്തിൽനിന്ന് വൻവരുമാനം നേടുന്ന സർക്കാരിന് ഈ സമരം വലിയ രാഷ്ട്രീയ-സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചു.

സ്ത്രീകളുടെ സ്വയം പ്രതിച്ഛായയിലും അവബോധതലത്തിലും മാറ്റമുണ്ടാക്കുന്നതിനുള്ള പുതിയ ഒരുകൂട്ടം ആശയങ്ങളും അറിവും നൽകുക എന്നതു മാത്രമല്ല പുറമെനിന്നുള്ള ഒരു പ്രവർത്തകയുടെ ചുമതല. പ്രവർത്തനപരിപാടികളും പ്രോത്സാഹിക്കപ്പെടണം. ഇത് വളരെ സജീവമായ ഒരു വിദ്യാഭ്യാസ പ്രക്രിയയാണ്. ചരിത്രപരമായി നോക്കിയാൽ, നമ്മുടെ രാജ്യങ്ങളിലെ പാവപ്പെട്ടവർ, പ്രത്യേകിച്ച് സ്ത്രീകൾ ഔപചാരിക വിദ്യാഭ്യാസസംവിധാനങ്ങൾക്കു പുറത്തായിരുന്നു; അതുകൊണ്ടുതന്നെ

അവരുടേതായ പഠനസമ്പ്രദായങ്ങൾ അവർ വികസിപ്പിച്ചു. കൃഷി, സസ്യങ്ങൾ, വന്യജീവിതം, വനകഥകൾ, നെയ്ത്ത്, കെട്ടിടനിർമ്മാണം, മത്സ്യബന്ധനം, തദ്ദേശീയ ചികിത്സാരീതികൾ തുടങ്ങി ഒട്ടേറെ ജീവസന്ധാരണ കഴിവുകൾ തലമുറകളായി കൈമാറ്റം ചെയ്യപ്പെടാനായി വിലപ്പെട്ട വാച്യ (oral) പ്രായോഗിക പാരമ്പര്യങ്ങൾ ഉരുത്തിരിഞ്ഞു. എന്നാൽ ഇത്തരം പാരമ്പര്യ അറിവുകളും നൈപുണ്യങ്ങളും ഒരു നിശ്ചിത പ്രത്യയശാസ്ത്ര-സാമൂഹിക ചട്ടക്കൂട്ടിലാണ് വികസിപ്പിച്ചത്. അത്തരം അറിവുകളിലും പ്രായോഗങ്ങളിലും മിക്കപ്പോഴും സ്ത്രീവിരുദ്ധമായ വിലക്കുകളും (taboos) അന്ധവിശ്വാസങ്ങളും കടന്നുകൂടിയിരിക്കുന്നതായി കാണാം. ഉദാഹരണത്തിന്, ആർത്തവമുള്ള സ്ത്രീകളെ പുസ്തകങ്ങൾ, പണി ആയുധങ്ങൾ എന്നിവ സ്പർശിക്കുന്നതിൽ നിന്നും വിലക്കുക; ജാതിപരമായ വിവേചനങ്ങൾ മുതലായവ.

ശാക്തീകരണം വഴി സ്ത്രീകൾ അറിവിന്റെ പുത്തൻ ലോകത്തേക്ക് പ്രവേശിക്കുകയും തങ്ങളുടെ വ്യക്തി-പൊതുജീവിതത്തിൽ അറിവിന്റെ അടിസ്ഥാനത്തിനുള്ള തീരുമാനങ്ങളെടുക്കാൻ പ്രാപ്തിനേടുകയും ചെയ്യുന്നു. ഇത് ചില സ്ത്രീകളിൽമാത്രം ഒതുങ്ങി നില്ക്കുകയാണെങ്കിൽ അത്തരം അടിസ്ഥാനപരമായ മാറ്റങ്ങൾ നിലനിൽക്കുകയില്ല. കാരണം വ്യവസ്ഥാപിത അധികാരഘടനകൾ ഇവരെ ഒറ്റപ്പെടുത്താനും അകറ്റിനിർത്താനും ശ്രമിക്കും. വലിയൊരുവിഭാഗം സ്ത്രീകൾ മാറ്റത്തിനുവേണ്ടി സമ്മർദ്ദം ചെലുത്തിയാലേ സാമൂഹികമാറ്റം ഉണ്ടാകൂ. അതുകൊണ്ടുതന്നെ വ്യക്തിപരമായ ഒറ്റപ്പെടുത്തലുകളിൽനിന്നും മുക്തിനേടി, ഒരുമിച്ചുവന്ന് തങ്ങളുടെ അടിച്ചമർത്തലിനെ വെല്ലുവിളിക്കാൻ സ്ത്രീകളെ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. സംഘങ്ങളുടെയും കൂട്ടായ്മകളുടെയും സഹായത്തോടെ, തങ്ങളുടെ ജീവിതത്തെ വിമർശനബുദ്ധ്യാ വിലയിരുത്താനും, അധികാരത്തിന്റെയും അടിച്ചമർത്തലിന്റെയും ഘടനകളെയും സ്രോതസ്സുകളെയും തിരിച്ചറിയാനും, തങ്ങളുടെ ശക്തി കണ്ടെത്താനും കർമ്മപരിപാടികൾ ആരംഭിക്കാനും സ്ത്രീകൾക്ക് സാധിക്കും.

അങ്ങനെ ശാക്തീകരണപ്രക്രിയ എന്നത് സ്തൂപമായി (spiral), മാറുന്ന അവബോധപ്രക്രിയ ആണ്. പരിവർത്തിപ്പിക്കേണ്ട തലങ്ങൾ കണ്ടെത്തുക, അടവുകൾ ആസൂത്രണംചെയ്യുക, പ്രവർത്തിക്കുക, പരിണതഫലം വിശകലനം ചെയ്യുക, തന്മൂലം ഉയർന്ന അവബോധതലങ്ങളിലേക്ക് എത്തുക; ഇങ്ങനെ മെച്ചപ്പെട്ട, നന്നായി നടപ്പിലാക്കാവുന്ന തന്ത്രങ്ങളിലെത്തുക എന്നിങ്ങനെ പടിപടിയായുള്ള പ്രക്രിയയാണിത്. ശാക്തീകരണസ്തൂപം അതിൽ ഉൾപ്പെട്ടുനിൽക്കുന്ന എല്ലാവരേയും സ്പർശിക്കുന്നു - വ്യക്തി, പ്രവർത്തക, കൂട്ടായ്മ, സമൂഹം. തന്മൂലം ഇത് മുകളിൽനിന്ന് താഴേക്കോ ഒറ്റദിശയിലോ ഉള്ള ഒരു പ്രക്രിയ അല്ല.

പുതിയ അവബോധത്തോടെയും കൂട്ടായ ശക്തിയുടെ പിൻബലത്തോടെയും വിഭവങ്ങൾ (തങ്ങളുടെ ശരീരം ഉൾപ്പെടെ) നിയന്ത്രിക്കാനുള്ള അവകാശത്തിനായും കുടുംബത്തിലും സമൂഹത്തിലും തീരുമാനങ്ങളിൽ തുല്യമായിപങ്കെടുക്കാനായും സ്ത്രീകൾ ദൃഢതയോടെ മുമ്പോട്ട് വന്നുതുടങ്ങും. പുറമെനിന്നുള്ള ഒരാൾക്ക് അവരുടെ മുൻഗണനകൾ ഒരുപക്ഷെ വളരെ അതിശയിപ്പിക്കുന്നതായിരിക്കും. 1991-ൽ ബംഗ്ലാദേശിലുണ്ടായ ചുഴലിക്കൊടുങ്കാറ്റിൽ എല്ലാം നഷ്ടപ്പെട്ട സ്ത്രീകളുടെ ആദ്യത്തെ ഡിമാൻറ്, സ്കൂൾകെട്ടിടം പുതുക്കിപ്പണിയുകയും കുട്ടികൾക്ക് പാഠപുസ്തകങ്ങൾ നൽകുകയും ചെയ്യുമെന്നായിരുന്നു. ഇതിന് കടകവിരുദ്ധമായി അവിടത്തെ പുരുഷന്മാർ ആവശ്യപ്പെട്ടത് വീടും വിത്തുകളും വായ്പയുമായിരുന്നു (Akhtar 1992).തെക്കെ ഇന്ത്യയിലെ ഒരു ഗ്രാമത്തിലെ മഹിളാസമാജം പ്രവർത്തകരുടെ ആവശ്യം ഒരു പുതിയ ശ്മശാനമായിരുന്നു; ദളിതരായിരുന്ന അവർക്ക് ഗ്രാമത്തിലെ പൊതുശ്മശാനം ഉപയോഗിക്കാൻ അനുവാദമില്ലായിരുന്നു. ഈ സംഭവങ്ങളിലെല്ലാം, അവരുടെകൂടെ പ്രവർത്തിച്ചിരുന്നവർപോലും

കണക്കാക്കിയിരുന്ന മറ്റ് അത്യാവശ്യകാര്യങ്ങളിൽ നിന്നും വിഭിന്നമായിരുന്നു സ്ത്രീകൾ ഉന്നയിച്ച ഈ ആവശ്യങ്ങൾ.

പരമ്പരാഗതമായി സ്ത്രീകൾ പല തെരഞ്ഞെടുപ്പുകളും (choices) നടത്തിയിട്ടുണ്ട്. പക്ഷെ കർശനമായ സാമൂഹികനിയന്ത്രണങ്ങൾക്കുള്ളിലായിരുന്നു ഇവ. ഉദാഹരണത്തിന് സ്ത്രീധനം നൽകി മകളെ വിവാഹം കഴിപ്പിച്ചയയ്ക്കാം അല്ലെങ്കിൽ അവൾ അവിവാഹിതയായിനിന്ന് കുടുംബത്തിന് ഭാരമാകും; തന്റെ ഉർവ്വരത തെളിയിക്കാൻ കുറെ കുട്ടികൾക്ക്, പ്രത്യേകിച്ച് ആൺകുട്ടികൾക്ക് ജന്മം നൽകാം; ഭർത്താവിന്റെയും കുടുംബാംഗങ്ങളുടെയും തിരസ്കാരവും നിന്ദയും ഏറ്റുവാങ്ങാം. തീവ്രദാരിദ്ര്യവും അമിതജോലിഭാരവും പേറുന്ന പാവപ്പെട്ട സ്ത്രീകളുടെയിടയിൽ പ്രവർത്തിക്കുന്നവർ പലപ്പോഴും കടുത്ത ആശയക്കുഴപ്പത്തിൽപെടാറുണ്ട്. സ്ത്രീകളുടെ ആവശ്യങ്ങളോട് പ്രതികരിച്ചുകൊണ്ട് അവരുടെ പ്രായോഗിക ആവശ്യങ്ങൾ നിറവേറ്റി, അവരുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിന് സേവനങ്ങൾ ഏർപ്പാടാക്കണമോ? അല്ലെങ്കിൽ പ്രശ്നത്തിന് കാരണമാകുന്ന ഘടനാപരമായ ശക്തികളുടെ വേരുകൾ കണ്ടെത്താൻ സഹായിക്കുന്ന, സമയമെടുക്കുന്ന, അവബോധമുണർത്തൽ പ്രക്രിയ നടത്തി, സർക്കാരിൽനിന്ന് വിഭവങ്ങളും സേവനങ്ങളും ആവശ്യപ്പെടണമോ? സംഘടിച്ച് അവരുടെയും സർക്കാരിന്റെയും വിഭവങ്ങളുപയോഗിച്ച് സേവനങ്ങൾ സംഘടിപ്പിക്കാനും മാനേജ്ചെയ്യാനും സ്ത്രീകളെ പ്രാപ്തരാക്കണോ?

**അധികാരത്തെക്കുറിച്ച് ഒരു പുതിയ ധാരണ.**

അധികാരത്തെക്കുറിച്ച് പുതിയ ധാരണകൾ സൃഷ്ടിക്കാനും ശാക്തീകരണം വഴി കഴിയണം. ശ്രേണീപരവും പുരുഷമേധാവിത്വവുമായ സമൂഹങ്ങളിൽ ഉരുത്തിരിഞ്ഞവയാണ് ഇന്ന് നിലനിൽക്കുന്ന അധികാരത്തെക്കുറിച്ചുള്ള ധാരണകൾ. വിഭജനത്തിന്റെയും നാശത്തിന്റെയും അടിച്ചമർത്തലിന്റെയും മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയവയാണ് അവ. സ്ത്രീകൾ അധികാരം ഏറ്റെടുത്ത്, അതേ ചൂഷണപരവും അഴിമതിരീതിയിലും ഉപയോഗിക്കുക എന്നുള്ളതല്ല ശാക്തീകരണം കൊണ്ടുദ്ദേശിക്കുന്നത്. അധികാര ത്തെക്കുറിച്ച് ഒരു പുതിയ ധാരണയും, അധികാരം ജനാധിപത്യ വൽക്കരിക്കുകയും പങ്കിടുകയും ചെയ്യുന്ന പുതിയ പരീക്ഷണങ്ങളും ഇതിന്റെ ഫലമായി ഉരുത്തിരിയണം; കൂട്ടുത്തരവാദിത്വത്തിനും തീരുമാന മെടുക്കലിനും പുതിയ സംവിധാനങ്ങൾ രൂപപ്പെടണം.

അതുപോലെ, വിഭവങ്ങളുടെമേൽ സ്ത്രീകൾക്ക് നിയന്ത്രണമുണ്ടാകുമ്പോൾ, പുരുഷമേധാവിത്വ മുതലാളിത്ത സമൂഹങ്ങളിൽ ചെയ്യുന്നതുപോലെ താൽക്കാലിക ലാഭക്കാഴ്ചപ്പാടിൽ, പരിസ്ഥിതിക്ക് വിനാശകരമായ രീതിയിൽ അവയെ ഉപയോഗിക്കാൻ പാടുള്ളതല്ല, ആഗോളപ്രശ്നങ്ങളെയും ആശങ്കകളെയും - പരിസ്ഥിതിനാശം, കാലാവസ്ഥ വ്യതിയാനം, അതിക്രമങ്ങൾ, യുദ്ധം, പട്ടാളഭരണം, മതം, ഭാഷ, വംശീയത, ജാതി, മൗലികവാദം, ജനസംഖ്യ - കണക്കിലെടുത്തു വേണം ശാക്തീകരണം നേടിയ സ്ത്രീകളും പുതിയ പുരുഷസമൂഹവും പ്രവർത്തിക്കാൻ.

ഒരു ഗ്രാമത്തിന്റെയോ അയൽക്കൂട്ടത്തിന്റെയോ സ്ത്രീസംഘങ്ങൾക്ക് മാത്രമായി അത്ര അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരാനാവില്ല. വ്യക്തിപരമായ വെല്ലുവിളികൾ അടിച്ചമർത്തപ്പെട്ടു ന്നതുപോലെതന്നെ, വളരെ ശക്തവും ആഴത്തിൽ വേരുകളുള്ളതുമായ സാമൂഹിക സാമ്പത്തിക രാഷ്ട്രീയശക്തികൾക്ക് ചെറിയതും പ്രാദേശികവുമായ സംഘങ്ങളുടെ പോരാട്ടങ്ങളെ അട്ടിമറിക്കാനാവും. അവസാന വിശകലനത്തിൽ, സാമൂഹികമായ മാറ്റം ഉണ്ടാവണമെങ്കിൽ, സ്ത്രീകളുടെ ശാക്തീകരണം ഒരു

രാഷ്ട്രീയശക്തിയാവണം; അതായത് നിലനിൽക്കുന്ന അധികാരഘടനകളെ വെല്ലുവിളിക്കുകയും പരിവർത്തി പ്പിക്കുകയും ചെയ്യുന്ന ബഹുജനപ്രസ്ഥാനം ആകണം. ശാക്തീകരണംവഴി പ്രാദേശികവും ദേശീയവും സാർവ്വദേശീയവുമായി ദരിദ്രസ്ത്രീകളുടെ ബഹുജനപ്രസ്ഥാനങ്ങൾ രൂപപ്പെടണം. അങ്ങനെമാത്രമേ, സ്ത്രീകളുടെ അവസ്ഥയിലും പദവിയിലും മെച്ചമുണ്ടാകുകയും അവരുടെ പ്രായോഗികവും തന്ത്രപരവുമായ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്യുകയുള്ളൂ. ദരിദ്രരുടെ മറ്റു സംഘടനകളുമായി - യൂണിയനുകൾ, കർഷകസംഘടനകൾ - കണ്ണിചേർന്ന്, മാറ്റത്തിനുള്ള പ്രക്രിയകളിൽ പുരുഷന്മാരെ ഉൾപ്പെടുത്തുകയും ചെയ്യാം.

തെക്കനേഷ്യയിലെ വിവിധ സംഘടനകളുടെ സമീപനങ്ങളെ പരിശോധിച്ചപ്പോൾ മൂന്നുതരം പ്രവർത്തനങ്ങളാണ് കാണാൻ കഴിഞ്ഞത്. (1) സമഗ്രവികസന പരിപാടികൾ (2) സാമ്പത്തിക വികസനം (3) അവബോധം ഉണർത്തലും സംഘടിപ്പിക്കലും. ഇവ മൂന്നും പരസ്പരം ബന്ധമില്ലാതെ വേറിട്ടുനിൽക്കുന്ന വിഭാഗങ്ങളല്ല. സ്ത്രീകളുടെ അധികാരരാഹിത്യത്തിന്റെ കാരണങ്ങളെ വിശകലനം ചെയ്യുന്ന വ്യത്യസ്ത വ്യാഖ്യാനങ്ങളെയും അവ ആസ്പദമാക്കി ശാക്തീകരണത്തിന് സ്വീകരിക്കുന്ന ഉപാധികളെയും മനസ്സിലാക്കാൻ ഈ തരംതിരിവ് സഹായിക്കും.സ്ത്രീകളുടെ ദാരിദ്ര്യവും വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ എന്നിവയിലുള്ള വിവേചനവും, അതിജീവനത്തിനുവേണ്ട വിഭവങ്ങളുടെ അഭാവവും അവരുടെ അധികാരരാഹിത്യത്തിന് കാരണമാകുന്നുവെന്ന് സമഗ്രവികസന സമീപനം വിലയിരുത്തുന്നു. ചിലർ ബോധവൽക്കരണത്തിനും പ്രാധാന്യം നൽകുന്നു. അതിജീവിനം നിറവേറ്റി ബോധവൽക്കരണത്തിനും പ്രാധാന്യം നൽകുന്നു. അതിജീവന - ജീവസന്ധാരണ ആവശ്യങ്ങൾ നിറവേറ്റി ക്കൊണ്ട് സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുകയാണ് ഈ സമീപനം ചെയ്യുന്നത്.

സാമ്പത്തികവികസന സമീപനത്തിന്റെ ഇടപെടൽ സ്ത്രീകളുടെ, തൊഴിലാളികൾ എന്ന നിലവിലുള്ള ശക്തിപ്പെടുത്തലും അവരെ സംഘടിപ്പിക്കലും (യൂണിയൻ/സംഘടന) സേവനങ്ങൾ നൽകലുമാണ്. തീർച്ചയായും ഇത് സ്ത്രീകളുടെ സാമ്പത്തികപദവിയും അവസ്ഥയും മെച്ചപ്പെടുത്തും .പക്ഷെ അവരുടെ ജീവിതത്തിന്റെ മറ്റു തലങ്ങളിൽ ഇത് എത്രകാരം അവരെ ശാക്തീകരിക്കുന്നു എന്നു തീർച്ചയില്ല.

അവബോധമുണർത്തൽ, സംഘടനപ്രക്രിയ എന്നിവ ജെൻഡർ ബന്ധങ്ങളെയും സ്ത്രീകളുടെ പദവിയേയും കുറിച്ചുള്ള കുറച്ചുകൂടി സങ്കീർണ്ണമായ ധാരണയെ അടിസ്ഥാനപ്പെടുത്തിയാണ്. അധികാരരാഹിത്യത്തിന്റെ കാരണം, പിതൃമേധാവിത്വത്തിന്റെ പ്രത്യയശാസ്ത്രവും പ്രയോഗവും സമൂഹത്തിന്റെ എല്ലാഘടനകളിലും സമ്പ്രദായങ്ങളിലുമുള്ള നീതിയില്ലായ്മയുമാണ് എന്ന് തിരിച്ചറിയുന്നുണ്ട്, സ്വകാര്യ-പൊതുതലങ്ങളിൽ, അവരുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിലനിൽക്കുന്ന ജെൻഡർ - വർഗ്ഗ സംബന്ധിയായ വിവേചനങ്ങളെ തിരിച്ചറിയാനും വെല്ലുവിളിക്കാനും ഊന്നൽനൽകുന്ന തന്ത്രങ്ങളാണ് സ്വീകരിക്കുന്നത്. വിഭവങ്ങളുടെമേൽ കൂടുതൽ പ്രാപ്യതയുണ്ടാവാൻ വേണ്ടി സ്ത്രീകളെ സംഘടിപ്പിക്കുന്നു; അല്ലാതെ സേവനങ്ങളും പദ്ധതികളും നൽകുകയല്ല .അവരുടെ പ്രായോഗിക, തന്ത്രപരമായ ആവശ്യങ്ങളെ കൈകാര്യംചെയ്യാൻ ഈ സമീപനം സഹായിക്കും . ഉടനെയുള്ള ആവശ്യങ്ങൾ നിറവേറ്റാൻ അതു ഫലപ്രദമായിരിക്കില്ല.

**സ്ത്രീശാക്തീകരണതന്ത്രങ്ങൾക്കുള്ള പാഠങ്ങൾ**

ശാക്തീകരണത്തിന് ഒരു മാജിക്ക് സൂത്രമോ പരാജയമുണ്ടാകാത്തവിധം സുരക്ഷിതമാക്കിയ രൂപരേഖയോ ഇല്ല. എന്നാൽ അനുഭവങ്ങൾ വ്യക്തമാക്കുന്നത്, സ്ത്രീകളുടെഅവസ്ഥ മെച്ചപ്പെടുത്താനുള്ള

ശ്രമങ്ങളിൽ ഉൾപ്പെടുന്നതിനോടൊപ്പംതന്നെ പദവി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങളും നടത്തണമെന്നാണ്. പ്രായോഗിക ആവശ്യങ്ങളും തന്ത്രപരമായ താല്പര്യങ്ങളും ഒരേസമയത്ത് കൈകാര്യം ചെയ്യണം. ഈ പേപ്പറിന്റെ ആദ്യഭാഗത്ത്, ആശയവികസനം നടത്തിയപ്പോൾ, പല ഘടകങ്ങളും അത്യാവശ്യമെ വിജ്ഞാനത്തിന്റേതുമായ വിഭവങ്ങൾക്കുമേൽ സൂചിപ്പിച്ചു. പിതൃമേധാവിത്വ പ്രത്യയശാസ്ത്രത്തെ വെല്ലുവിളിക്കാനും ഭൗതികവും വിജ്ഞാനത്തിന്റേതുമായ വിഭവങ്ങൾക്കുമേൽ കൂടുതൽ പ്രാപ്യതയും നിയന്ത്രണവും കൈവരുത്താൻ പ്രാപ്തരാക്കാനും രൂപപ്പെടുത്തിയതാണവ. ഈ ഘടകങ്ങൾ താഴെ സൂചിപ്പിക്കുന്നുണ്ട്. അവ നൽകിയിരിക്കുന്ന ക്രമത്തിൽതന്നെ ഉപയോഗിക്കണമെന്നില്ല. സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റംവരുത്താം.

സ്ത്രീശാക്തീകരണത്തിൽ താൽപ്പര്യമുള്ള പഞ്ചായത്തുകൾ ആദ്യം ചെയ്യേണ്ടത്, തങ്ങളുടെ പ്രദേശത്തുള്ള ഏറ്റവും ദരിദ്രരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീകളെ കണ്ടെത്തുകയാണ്. പ്രവർത്തകരെ തെരഞ്ഞെടുക്കുകയും പരിശീലിപ്പിക്കുകയും വേണം. തീവ്രമായ പ്രാരംഭപരിശീലനം ആവശ്യമാണ്. അധികാരസ്രോതസ്സുകളെപ്പറ്റിയും അവയുടെ ഘടനകളെക്കുറിച്ചും, പ്രത്യേകിച്ച് ലിംഗപദവിയെക്കുറിച്ചും ബോധ്യമുണ്ടാക്കണം. സ്ത്രീകളെ സംഘടിപ്പിക്കാനുള്ള നൈപുണ്യം വളർത്തുമ്പോൾ, അവരിൽനിന്ന് പഠിക്കാനും തയ്യാറാകണം. സ്ത്രീകൾക്ക് പെട്ടെന്ന് അടുക്കാനും പ്രശ്നങ്ങൾ പങ്കുവയ്ക്കാനും സ്ത്രീകൾ തന്നെ പ്രവർത്തകരാകുന്നതാണ് നല്ലത്.

പ്രവർത്തനമേഖലയിൽ പ്രത്യേകിച്ച് ഒരിടവും, കുറച്ച് സമയവും തങ്ങൾക്കായി നീക്കിവയ്ക്കാൻ സ്ത്രീകളെ പ്രോത്സാഹിപ്പിക്കണം - പദ്ധതികളുടെയും സേവനങ്ങളുടെയും നിഷ്ക്രിയരായ സ്വീകർത്താക്കൾ എന്നതിലുപരി, തങ്ങളുടെ സാഹചര്യങ്ങളെ ചോദ്യം ചെയ്യാനും, വിമർശനപരമായ ചിന്ത വളർത്താനും പറ്റിയ സാഹചര്യമാണ് സൃഷ്ടിക്കേണ്ടത്. ജെൻഡർ റിസോഴ്സ് സെൻററുകൾ ഇതിനായി ഉപയോഗിക്കണം.

വ്യക്തികളുടെ ഒരു കൂട്ടം എന്ന നിലയിൽനിന്നും ഒരു കൂട്ടായ്മയായി വളരാൻ ഇത്തരം വേദികൾ സ്ത്രീകളെ സഹായിക്കണം. അവരെത്തന്നെയും അവരുടെ ചുറ്റുപാടുകളെയും പുതിയൊരു വെളിച്ചത്തിൽ വീക്ഷിക്കാനും അവരവരെക്കുറിച്ച് അനുകൂലമായ പ്രതിഛായ രൂപപ്പെടുത്താനും, അവരുടെ ശക്തികൾ കണ്ടെത്താനും, ലൈംഗികവ്യത്യാസത്തെ മുൻനിർത്തിയുള്ള തെറ്റായ ധാരണകൾ വെളിച്ചത്തുകൊണ്ടുവരാനും ഈ കൂട്ടായ്മകൾ സഹായകരമാകണം. പുതിയ അറിവുകളും വിജ്ഞാനവും നേടുക, ജെൻഡർ സംബന്ധമായ പ്രത്യയശാസ്ത്രങ്ങളെക്കുറിച്ച് വിമർശനപരമായ ധാരണ ഉണ്ടാക്കുക, അവ നിലനിൽക്കുകയും ഊട്ടിയുറപ്പിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളെയും സമ്പ്രദായങ്ങളെയും തിരിച്ചറിയുക, തങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്ന അധികാരഘടനകൾ കണ്ടെത്തുക എന്നതിനെല്ലാം പ്രവർത്തകർ സ്ത്രീകളെ സഹായിക്കേണ്ടതുണ്ട്. തങ്ങളുടെ അവസ്ഥയിൽ നിന്നുംപദവിയിലേക്കുള്ള സ്ത്രീകളുടെ ബോധ്യം വിപുലപ്പെടുത്തുന്ന പ്രക്രിയയാണിത്.

വളരുന്ന അവബോധത്തിന്റെയും കൂട്ടായ്മയുടെയും വെളിച്ചത്തിൽ, അവർ പരിഹരിക്കേണ്ട പ്രശ്നങ്ങൾക്ക് മുൻഗണനാക്രമം നൽകാൻ സ്ത്രീകൾക്ക് സാധിക്കണം. കുടുംബത്തിനകത്തും പുറത്തും ഉള്ള അടിച്ചമർത്തൽ സാഹചര്യങ്ങളോടും ആചാരങ്ങളോടും ഏറ്റുമുട്ടാൻ സ്ത്രീകൾക്ക് കഴിയും. മിക്കപ്പോഴും ഇത് തങ്ങളുടെ പെൺകുട്ടികളോട് പെരുമാറുന്ന രീതിയിലും തങ്ങളുടെ ലൈംഗിക, പ്രത്യുത്പാദന അവകാശങ്ങൾ ദൃഢതയോടെ സ്ഥാപിച്ചെടുക്കുന്നതിലും പ്രകടമാകും, വ്യക്തിപരവും കൂട്ടായതുമായ

പോരാട്ടങ്ങളിലൂടെ കൂട്ടായ തീരുമാനമെടുക്കാനും പ്രവർത്തിക്കാനും ഉത്തരവാദിത്വമെടുക്കാനും വേണ്ട നൈപുണ്യം അവർ നേടിയെടുക്കുന്നു. അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ മറ്റു സംഘങ്ങളുമായിസഖ്യം ഉണ്ടാക്കുക, ഇത്തരം പ്രശ്നങ്ങളോട് അനുഭാവം കാണിക്കുന്ന സ്വന്തം സമൂഹത്തിൽപ്പെട്ട പുരുഷന്മാരെ ഉൾപ്പെടുത്തുക തുടങ്ങിയ പുതിയ രീതികളും അടവുകളും അവർ പഠിച്ചെടുക്കുന്നു. തൊഴിൽ വൈദഗ്ധ്യം, കൈകാര്യംചെയ്യൽ ശേഷി, സാക്ഷരത, സ്വന്തമായി വിവരശേഖരണം നടത്തുന്നതിനുള്ള സങ്കേതങ്ങൾ തുടങ്ങി അവരുടെ സ്വതന്ത്രത (autonomy) യും അധികാരവും വർദ്ധിപ്പിക്കുന്ന വൈദഗ്ദ്ധ്യവും അവർക്ക് നേടാൻ കഴിയും.

പിന്നീട് അവർ പൊതുസേവനങ്ങളുടെയും വിഭവങ്ങളുടെയും പ്രാപ്തിക്കുവേണ്ടി സ്വതന്ത്രമായി ആവശ്യപ്പെടാൻ തുടങ്ങും. നിയമപരിഷ്കാരം, ബാങ്കുകൾ, സർക്കാർ വകുപ്പുകൾ തുടങ്ങിയവരുമായുള്ള കൂടിയാലോചന, സേവനങ്ങൾ നൽകുന്നവരോട് കണക്ക് ചോദിക്കുക തുടങ്ങിയ പ്രക്രിയകളും ആരംഭിക്കും. ബദൽ സേവനങ്ങൾ - ശിശുപരിരക്ഷാകേന്ദ്രങ്ങൾ, ബാങ്കുകൾ, സ്കൂളുകൾ - തുടങ്ങി പല സേവനങ്ങളും സ്വയമേ ആരംഭിക്കുകയും മാനേജ് ചെയ്യുകയും ചെയ്യും. പ്രാദേശിക കൂട്ടായ്മകൾ വിശാലാടിസ്ഥാനത്തിൽ സഖ്യങ്ങൾ രൂപീകരിക്കുകയും ഉന്നതാധികാരഘടനകളെ ഫലപ്രദമായി വെല്ലുവിളിക്കാനുള്ള ശക്തി ആർജ്ജിക്കുകയും ചെയ്യും.

1980 കളിൽ ശാക്തീകരണശ്രമങ്ങൾ അടിസ്ഥാനതലത്തിൽ ആരംഭിച്ചിട്ടുണ്ട്. പക്ഷെ അവയ്ക്ക് ഇനി ഏറെ ദൂരം മുമ്പോട്ട് പോകാനുണ്ട്. ജനാധിപത്യപരമായ സാഹചര്യങ്ങൾ പല രാജ്യങ്ങളിലും ഇല്ല എന്നുള്ളത് ഒരു കാരണമായിരിക്കും. എതിർപ്പിനും പോരാട്ടത്തിനും ഉള്ള ജനാധിപത്യ ഇടം ഇല്ലെങ്കിൽ മുൻപറഞ്ഞ ശാക്തീകരണപ്രക്രിയ നടക്കില്ല. മതകേന്ദ്രീകൃതമോ, പട്ടാളഭരണമോ മറ്റ് ഏകാധിപത്യക്രമങ്ങളോ സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള പ്രസ്ഥാനങ്ങളെ നിലനിർത്താനും പ്രവർത്തിക്കാനും സമ്മതിക്കില്ല. തന്മൂലം തെക്കനേഷ്യയിൽ, ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ പ്രത്യക്ഷമായ രാഷ്ട്രീയപ്രവർത്തനം ഒഴിവാക്കുന്നു.

രണ്ടാമത്തേതും എന്നാൽ വളരെ വ്യാപകവുമായ മറ്റൊരു പ്രശ്നം, ശാക്തീകരണമെന്ന ആശയത്തേയും പ്രക്രിയയേയും കുറിച്ചുള്ള ശരിയായ ധാരണയുടെ അഭാവമാണ്. അധികാരത്തിന്റെ സ്വഭാവം, പിതൃമേധാവിത്വം, ജെൻഡർ എന്നിവയെക്കുറിച്ചുള്ള ധാരണകളും അപൂർണ്ണമാണ്. പുരുഷമേധാവിത്വം, ജെൻഡർ വിവേചനം തുടങ്ങിയ യാഥാർത്ഥ്യങ്ങളെ അമിതമായി ലളിത വൽക്കരിക്കുന്നു. ബാലികാ വിവാഹം, സ്ത്രീധനം, ഭാര്യാമർദ്ദനം, ബഹുഭാര്യാത്വം, ഭക്ഷണത്തിലുള്ള വിവേചനം, വിദ്യാഭ്യാസം, ചലനസ്വാതന്ത്ര്യമില്ലായ്മ എന്നിങ്ങനെ വളരെ ദൃശ്യമായ അടിച്ചമർത്തൽ പ്രക്രിയകളുമായി പിതൃമേധാവിത്വത്തെ തുല്യപ്പെടുത്തുന്നു. തന്മൂലം സ്ത്രീകളുടെ പ്രായോഗിക ആവശ്യങ്ങൾക്കാണ് വീണ്ടും ഊന്നൽ കിട്ടുന്നത്. ബോധവൽക്കരണ, സംഘടനപ്രക്രിയകൾ ശാക്തീകരണത്തിനു വേണ്ടിയുള്ള സമഗ്ര തന്ത്രങ്ങളോട് അടുത്തെത്തുന്നുണ്ടെങ്കിലും, ലിംഗപദവിയുടെ സാമൂഹിക നിർമ്മിതിയുടെ സങ്കീർണ്ണതകളെ- സ്ത്രീകളുടെ അടിച്ചമർത്തൽ നിലനിർത്തുന്ന മറ്റു ഘടകങ്ങളായ കുടുംബം, വർഗ്ഗം, ജാതി, മതം തുടങ്ങിയവയുമായി പ്രതിപ്രവർത്തിക്കുന്ന രീതി- അനാവരണം ചെയ്ത്, മാറ്റം വരുത്തുന്നതിനു മുമ്പ്, മാർഗ്ഗങ്ങളുടേതായ പല പ്രശ്നങ്ങളും പരിഹരിക്കേണ്ടതുണ്ട്.

## സ്ത്രീശാക്തീകരണ രൂപരേഖ (Longwe Empowerment Framework)

1988 ൽ ലോങ്ങി വികസിപ്പിച്ച ഈ ജെൻഡർ വിശകലന രൂപരേഖയനുസരിച്ച് ലിംഗപരമായ അനീതിയെ തിരിച്ചറിയുന്നതിനും ചെറുക്കുന്നതിനും വേണ്ട പ്രക്രിയയ്ക്ക് അഞ്ചുതലങ്ങളിലുള്ള പ്രവർത്തനങ്ങളാണുള്ളത്. ക്ഷേമം, പ്രാപ്യത, ബോധവൽക്കരണം, സംഘാടനം, നിയന്ത്രണം എന്നിവ.

ക്ഷേമം, വിഭവങ്ങളുടെമേലുള്ള പ്രാപ്യത എന്നീ തലങ്ങളിൽ ലിംഗപദവി വിവേചനം ഇല്ലാതാക്കുന്ന പ്രക്രിയയിലൂടെ വിവേചനത്തെയും അതിന്റെ ഘടകങ്ങളെയും സംബന്ധിച്ച് തിരിച്ചറിവും അവബോധവും ഉണ്ടാകും. ഇത്തരം വിവേചനപരമായ പ്രയോഗങ്ങളെ മറികടക്കാൻ, സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തവും സംഘടിപ്പിക്കലും (mobilization) നടക്കും. ഇത് വിഭവങ്ങളുടെമേൽ നിയന്ത്രണം ഉണ്ടാകുന്ന വിധത്തിൽ കൂടുതൽ പങ്കാളിത്തത്തിലേക്ക് നയിക്കും. അങ്ങനെ സ്വന്തം ക്ഷേമത്തിലും (Well being) കൂടുതൽ നിയന്ത്രണം കൈവരും.

## സ്ത്രീശാക്തീകരണത്തെക്കുറിച്ചുള്ള വിവിധ കാഴ്ചപ്പാടുകൾ

1995 ലെ മാനവ വികസന റിപ്പോർട്ട്, ശാക്തീകരണമെന്നത് പങ്കാളിത്തമാണെന്നതിന് ഊന്നൽ നൽകുന്നു. വികസനം ജനങ്ങളാൽ തന്നെ (by people) ആകണം; അവർക്കു വേണ്ടി (for them) ആകരുത്. തങ്ങളുടെ ജീവിതം രൂപപ്പെടുത്തുന്ന പ്രക്രിയകളിലും തീരുമാനങ്ങളിലും ജനങ്ങൾ സജീവമായി പങ്കെടുക്കണം. സ്ത്രീകളുടെ കഴിവ് വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളും സ്വയം തെരഞ്ഞെടുപ്പുകൾ നടത്താൻ അവരെ ശാക്തീകരിക്കുന്നതും അതിൽതന്നെ വിലപ്പെട്ടതാണ്. സാമ്പത്തിക വളർച്ചയ്ക്കും സമഗ്രവികസനത്തിനും ഇത് നിശ്ചയമായും സഹായകരമാകും.

ശാക്തീകരണം എന്നത് അടിച്ചമർത്തലിനെയും അനീതിയെയും വെല്ലുവിളിക്കുന്നതാണ്. തങ്ങളുടെ മനുഷ്യാവകാശങ്ങളും നീതിയും നിഷേധിക്കുന്ന വിധത്തിൽ സമൂഹത്തിൽ വഹിക്കേണ്ടിവരുന്ന ചുമതലകളുടെ അടിച്ചമർത്തൽ രീതികളെ ചെറുക്കാൻ സാധിക്കുന്നതാണ് ശാക്തീകരണം.

സ്ത്രീപക്ഷവാദികൾ ഊന്നിപറയുന്നത്, ഒരുതരം മേധാവിത്വ അധികാരത്തിനു പകരംവയ്ക്കുന്ന മറ്റൊന്നല്ല ശാക്തീകരണം. സ്ത്രീ ശാക്തീകരണം, പുരുഷന്മാരെ അവരുടെ തെറ്റായ മൂല്യവ്യവസ്ഥിതികളിൽ നിന്നും അടിച്ചമർത്തൽ പ്രത്യയശാസ്ത്രങ്ങളിൽ നിന്നും മോചിപ്പിക്കണം, ലിംഗഭേദമന്യേ ഓരോരുത്തർക്കും പൂർണ്ണവ്യക്തിത്വമുള്ളവരാകാനുള്ള സാഹചര്യത്തിലേക്ക് നയിക്കണം. എല്ലാവർക്കുംവേണ്ടി കുറച്ചുകൂടി മനുഷ്യത്വപരമായ സാമൂഹിക നിർമ്മിതിക്കുവേണ്ടി തങ്ങളുടെ മുഴുവൻ സാധ്യതകളും വിനിയോഗിക്കാൻ കഴിയണം (Akhtar, 1992, quoted in Batliwala 1994). ശാക്തീകരണം താഴെനിന്നുള്ള ഒരു പ്രക്രിയയാണ് (bottom up process). ആർക്കും ആരെയും ശാക്തീകരിക്കാനാവില്ല. പുറമെ നിന്നുള്ള ഒരു പ്രൊഫഷണലിന് ശാക്തീകരണത്തിന്റെ പരിണത ഫലങ്ങളെ നിയന്ത്രിക്കാൻ പറ്റില്ല. (rowlands, 1995).

## സ്ത്രീശാക്തീകരണം എങ്ങനെ?

വ്യക്തികളുടെയും സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ശാക്തീകരണത്തിന് ചില മുൻഉപാധികൾ ആവശ്യമാണ്. വിഭവങ്ങൾ (പണം, വിജ്ഞാനം, സാങ്കേതികവിദ്യ), നൈപുണ്യപരിശീലനം, നേതൃത്വരൂപീകരണം എന്നിവ ഒരുവശത്ത്, ജനാധിപത്യപ്രക്രിയ, സംവാദം, നയരൂപീകരണത്തിലും തീരു മാനമെടുക്കൽ പ്രക്രിയയിലും പങ്കാളിത്തം, സംഘർഷങ്ങൾ പരിഹരിക്കാനുള്ള ഉപാധികൾ എന്നിവ മറുവശത്ത്.

സാമൂഹ്യ/രാഷ്ട്രീയ/സാംസ്കാരിക സംഘടനകളിൽ സ്ത്രീകൾ പങ്കെടുക്കുന്നതിന്റെ ഫലമായി അവർ കുടുംബത്തിൽനിന്നും, സമൂഹത്തിൽനിന്നും നേരിടേണ്ടിവരുന്ന സമ്മർദ്ദങ്ങളെ അതിജീവിക്കാൻ തുറന്നതും ജനാധിപത്യപരവുമായ പ്രക്രിയകൾ ആവശ്യമാണ്. സംഘടനയുടെ ദീർഘകാല നിലനിൽപ്പും, തങ്ങളുടെ ജീവിതത്തിനുമേൽ സ്ത്രീകൾ നേടുന്ന നിയന്ത്രണവും സ്വതന്ത്രതയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇത് സംഘടനയ്ക്കുള്ളിൽ തന്നെയുള്ള കൂട്ടുത്തരവാദിത്വവുമായും കൂട്ടായ തീരുമാനമെടുക്കൽ പ്രക്രിയയുമായും ബന്ധപ്പെട്ടിരിക്കുന്നു' (Sen & Grown 985: 82).

മുഖ്യധാരാ വികസനപ്രക്രിയകളിൽ സ്വീകാര്യത ലഭിച്ചതോടെ ശാക്തീകരണത്തിന്റെ അർത്ഥം തന്നെ മാറിയതായി കാണാം. ഈ സാഹചര്യത്തിൽ സ്ത്രീകളെ അടിച്ചമർത്തുന്ന അധികാരഘടനകളെ ചെറുക്കുന്ന കൂട്ടായ്മയ്ക്കുപകരം കേവലം വ്യക്തിപരമായ ഒന്നായി കാണുകയും വ്യവസായ/കച്ചവട സംരംഭകത്വം (entreprenuership), സ്വാശ്രയത്വം എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യുന്നു.

മുതലാളിത്തത്തിന്റെയും വിപണിശക്തികളുടെയും തത്വങ്ങൾക്ക് അനുസരിച്ചാണിത്. ക്ഷേമ-സേവന-തൊഴിൽ മേഖലകളിൽനിന്ന് ഭരണകൂടം പിന്മാറുന്ന സാഹചര്യത്തിലും ഈ വ്യക്തിഗത സമീപനത്തിന് പ്രാധാന്യമേറുന്നു. വ്യക്തികളുടെ അവകാശത്തിനും, തെരഞ്ഞെടുപ്പ് വഴി തീരുമാനമെടുക്കലിന് ലഭിക്കുന്ന പങ്കാളിത്തത്തിനും പ്രാധാന്യം നൽകുന്ന ജനാധിപത്യത്തെക്കുറിച്ച് നവ-ഉദാര സമീപനങ്ങൾക്കും അനുപൂരകമാണിത്.

വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പഠനസഹായം നൽകുന്ന പദ്ധതിയാണിത്. ഒരു കുടുംബത്തിൽ പരമാവധി രണ്ടു കുട്ടികൾക്കു വരെ അർഹത .

എസ്.എസ്.എൽ പ്രതിമാസം - പ്ലസ്ടുവരെ മുതൽ . സി.250 രൂപ

ഡിഗ്രി മുതൽ തുടർ വിദ്യാഭ്യാസത്തിന് - പ്രതിമാസം 500 രൂപ

3.16 ഉജ്വല സ്കീം

ലൈംഗിക ചൂഷണത്തിന് ഇരയായവർക്കും, ചൂഷണത്തിന് ഇരയാകാൻ സാദ്ധ്യതയുള്ളവർക്കും പുനരധിവസിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല സ്കീം. അപേക്ഷകൾ സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

3.17 വനിതാവികസന കോർപ്പറേഷൻ വഴിയുള്ള പദ്ധതികൾ

1. വായ്പാ പദ്ധതികൾ

   വനിതകൾക്ക് വിവിധതരം വായ്പകൾ 3% മുതൽ 6% കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുന്നു. 18 നും 55 നും ഇടക്കുള്ള വനിതകൾക്ക് വായ്പ ലഭ്യമാക്കുന്നു.

2. സ്വയം തൊഴിൽ വായ്പ

   - ന്യൂനപക്ഷവിഭാഗങ്ങൾക്ക് 3 ലക്ഷം രൂപ വരെ . ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ 10 ലക്ഷം വരെ
   - പിന്നോക്ക വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപ വരെ ദേശീയ ഏജൻസിയുടെ പ്രത്യേക അനുമതിയോടെ 10 ലക്ഷം വരെ
   - മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കുള്ള വായ്പ

3. മൈക്രോ ഫൈനാൻസ് പദ്ധതി

   75% എങ്കിലും ന്യൂനപക്ഷ, പിന്നോക്ക/പട്ടികജാതി വിഭാഗത്തിലെ വനിതകൾ ഉൾപ്പെടുന്ന സ്വയംസഹായകസംഘങ്ങൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്നു. സംഘത്തിൽ ചുരുങ്ങിയത് 10 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. ഒരാൾക്ക് പരമാവധി 50000 രൂപ വരെയുള്ള നിരക്കിൽ വായ്പ ലഭ്യമാണ്.

4. വിദ്യാഭ്യാസ വായ്പാപദ്ധതി

   പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങളിലെ പ്രൊഫഷണൽ കോഴ്സുകളിൽ job oriented ഡിഗ്രി കോഴ്സുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് വായ്പ പദ്ധതി. ഇന്ത്യയ്ക്കകത്ത് പരമാവധി 10 ലക്ഷം രൂപയും വിദേശത്ത് പരമാവധി 20 ലക്ഷം രൂപയും ലഭ്യമാവുന്നതാണ്.

5. വർക്കിംഗ് വുമൺസ് ഹോസ്റ്റലുകൾ

   നഗരപ്രദേശങ്ങളിൽ ജോലിയെടുക്കുന്ന വനിത ഉദ്യോഗസ്ഥർക്ക് കുറഞ്ഞ നിരക്കിൽ സുരക്ഷിതമായ താമസസൗകര്യം ലഭ്യമാക്കുന്നതിനായി വനിത വികസന കോർപ്പറേഷൻ

നിർഭയ ഹെൽപ് ലൈൻ നമ്പറുകൾ

ടോൾ ഫ്രീ നമ്പർ 18004251400 -

നിർഭയ സെൽ നമ്പർ 2343466 0471 -

ഇമെയിൽ. -nirbhayacell@gmail.com

3.20 മഹിളാ മന്ദിരം

പരിചരിക്കുവാൻ ആളില്ലാത്ത വിധവകൾ, വിവാഹമോചിതർ, അഗതികൾ, ആരും സംരക്ഷിക്കാനില്ലാത്ത സ്ത്രീകൾ തുടങ്ങി സംരക്ഷണം ആവശ്യമുള്ള 18 വയസ്സിന് മുകളിൽ പ്രായമുള്ളവരെയാണ് മഹിളാമന്ദിരത്തിൽ പ്രവേശിക്കുന്നത്. എല്ലാ ജില്ലകളിലും (വയനാട്, ഇടുക്കി ഒഴികെ) മഹിളാമന്ദിരങ്ങൾ പ്രവർത്തിച്ചു വരുന്നു.

3.21. ആശാഭവൻ

മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും സംരക്ഷിക്കുവാനാളില്ലാത്ത രോഗികളായ സ്ത്രീകളുടെ പരിചരണത്തിനും സംരക്ഷണത്തിനുമുള്ളതാണ് ആശാഭവൻ. കേരളത്തിൽ ആകെ 6 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. മാനസികരോഗ്യം വീണ്ടെടുത്തവരാണെന്ന് തെളിയിക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. സാമൂഹ്യനീതി വകുപ്പിന് കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്.

3.22 റസ്ക്യൂ ഹോം

ലൈംഗികചൂഷണത്തിന് വിധേയരായ സ്ത്രീകൾക്ക് പരിചരണവും സംരക്ഷണവും നൽകി പുനരധിവസിപ്പിക്കുകയും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് റെസ്ക്യൂ ഹോമുകൾ. സംരക്ഷണം, ആതുരസേവനം, വിദ്യാഭ്യാസം, കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങളാണ് റെസ്ക്യൂ ഹോമുകൾ ചെയ്യുന്നത്. അനാശാസ്യ പ്രവർത്തനങ്ങളിൽ അറസ്റ്റിലായവർ, അനാശാസ്യവിപത്തിൽ നിന്നും രക്ഷപ്പെട്ടെത്തിയവർ, അനാശാസ്യവിപത്തിനെ ഭയന്ന് സ്വമേധയാ വരുന്ന സ്ത്രീകൾ തുടങ്ങിയവർക്കെല്ലാം റെസ്ക്യൂ ഹോമുകളിൽ സഹായം ലഭിക്കും. ആലപ്പുഴയിലും മലപ്പുറം ജില്ലയിലെ തവനൂരിലും റെസ്ക്യൂ ഹോമുകൾ പ്രവർത്തിക്കുന്നു. സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണിത്.

3.23. ആഫ്റ്റർ കെയർ ഹോം

സാമൂഹികനീതി വകുപ്പിന് കീഴിലുള്ള ബാലമന്ദിരം, പുവർഹോം, സ്പെഷ്യൽ ഹോം, അനാഥാലയങ്ങൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും പുറത്തിറങ്ങുന്നവരെ ആഫ്റ്റർ കെയർ ഹോമിൽ പുനരധിവസിപ്പിക്കും. ഇവിടുത്തെ അന്തേവാസികൾക്ക് അവരുടെ വിദ്യാഭ്യാസം തുടരുന്നതിനും തൊഴിൽ പരിശീലനത്തിനും സൌകര്യമുണ്ടായിരിക്കും. കൊല്ലത്തും കോഴിക്കോടുമായി പെൺകുട്ടികൾക്കും തലശ്ശേരിയിൽ ആൺകുട്ടികൾക്കുമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

3.24. ഷോർട്ട് സ്റ്റേ ഹോം

തകർന്ന കുടുംബങ്ങളിൽ നിന്നുള്ള സാമൂഹിക പിന്തുണ ലഭിക്കാത്തവർ, മാനസിക സമ്മർദ്ദമുള്ളവർ, ചൂഷണം ചെയ്യപ്പെട്ടവർ, സമൂഹം ബഹിഷ്കരിച്ചവർ, അനാശാസ്യ വിപത്തിൽ ഭയപ്പെടുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളെയും പെൺകുട്ടികളെയും താമസിപ്പിക്കുന്നതിനുള്ള താൽക്കാലിക

അഭയകേന്ദ്രങ്ങളാണ് സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഷോർട്ട് സ്റ്റേ ഹോമുകൾ. 15 നും 35 നും ഇടയിൽ പ്രായമുള്ള സമൂഹത്തിന്റെ പിന്തുണയില്ലാത്ത സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവരുടെ കുഞ്ഞുങ്ങൾക്കും ഇത്തരം ഹോമുകളിൽ സഹായം ലഭ്യമാണ്. ഇവിടെ അഭയം ലഭിക്കുന്നവർക്ക് തുടർവിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും ഏർപ്പെടാനുള്ള സൗകര്യമുണ്ടായിരിക്കും. കൂടുതൽ കാലം താമസം ആവശ്യമായി വരുന്നവരെ മറ്റ് സ്ഥാപനങ്ങളിലേക്ക് മാറ്റുന്നതാണ്.

3.25 സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക്

അതിക്രമങ്ങൾക്ക് ഇരയാവുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശ്രയ കേന്ദ്രമാണ് സ്നേഹിത ജെൻഡർ ഹെൽപ് ഡസ്ക് . കുടുംബശ്രീ സംസ്ഥാന ശിശുക്ഷേമ സമിതി, പോലീസ് സാമൂഹിക നീതി വകുപ്പ് എന്നീ വകുപ്പുകളുമായി സംയോജിച്ചാണ് സ്നേഹിതയുടെ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. അതിക്രമങ്ങൾ നേരിട്ട് സ്നേഹിതയിലെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗ് നൽകും. ആവശ്യമായ നിയമസഹായവും ലഭ്യമാക്കും. കൂടാതെ പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വിജിലന്റ് ഗ്രൂപ്പുകൾ വഴി അതിക്രമങ്ങൾക്കി ഇരയാവുന്നതായി കണ്ടെത്തുന്നവർക്ക് സ്നേഹിതയുടെ ഷോർട്ട് സ്റ്റേ ഹോമിൽ സുരക്ഷിതതാമസവും സൗജന്യനിയമ സഹായവും മാനസിക പിന്തുണയും ലഭ്യമാക്കും. കൂടാതെ രാത്രിയിൽ ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് ആവശ്യമെങ്കിൽ ഷോർട്ട് സ്റ്റേ ഹോമിൽ താമസിക്കാനുള്ള സൗകര്യം ലഭ്യമാക്കും.

3.26 സ്നേഹിത കാളിംഗ് ബെൽ

കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരെയും മുതിർന്ന പൗരന്മാരെയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ള വ്യക്തികളെയും കണ്ടെത്തി നിരന്തര സമ്പർക്കം പുലർത്തി ആവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് സ്നേഹിത കാളിംഗ് ബെൽ. ഒറ്റക്ക് താമസിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ പോലീസുമായും ക്ലബുകളുമായും സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്, സി.ഡി.എസ് വഴി ഗൃഹസന്ദർശനം നടത്തും. അയൽക്കൂട്ട ഭാരവാഹികൾ ദിവസവും ഇവരുടെ വീടുകൾ സന്ദർശനം നടത്തും. സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്.

## കേരള ലീഗൽ സർവ്വീസ് അതോറിറ്റി (KELSA)

നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയുടെ നയങ്ങളും നിർദേശങ്ങളുമനുസരിച്ച് ലോക് അദാലത്തുകളിലൂടെ ജനങ്ങൾക്ക് സൗജന്യനിയമസഹായം നൽകുന്ന സംവിധാനം.

1987-ൽ നിലവിൽ വന്ന ലീഗൽ സർവീസസ് ആക്ട് പ്രകാരമാണ് ഇന്ത്യയിൽ നാഷണൽ ലീഗൽ സർവീസസ് അതോറിറ്റിയും കേരളത്തിൽ രൂപംകൊണ്ടത്. സാമ്പത്തികവും പലതരത്തിലുള്ള പരിമിതികളും കാരണം പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും നീതി ലഭ്യമാക്കുന്നതിനായി സൗജന്യനിയമ സഹായം നൽകുക എന്നതാണ് KELSA യുടെ ലക്ഷ്യം.

ഭരണഘടന ഉറപ്പുനൽകുന്ന നിയമപരമായ അവകാശങ്ങൾ എല്ലാവർക്കും ഉറപ്പ് വരുത്തുകയാണ് കേരള ലീഗൽ സർവീസസ് അതോറിറ്റിയുടെ ദൗത്യം. നിയമസഹായങ്ങൾക്കു പുറമേ സ്കൂൾ,

കോളജ് തലത്തിലും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേനയും കെൽസ നിയമ സാക്ഷരതാ ക്ളാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.

സംസ്ഥാന അതോറിറ്റിക്ക് താഴെ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയും (DLSA) താലൂക്ക് ലീഗൽ സർവീസസ് അതോറിറ്റിയും പ്രവർത്തിച്ചു വരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും നിയമാവബോധം നൽകുന്നതിനായി ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിക്ക് കീഴിൽ പാര ലീഗൽ വാളണ്ടിയർമാരും പ്രവർത്തിച്ചു വരുന്നു.

……..

